Kerala Private College Teacher

## മുന്നറിയിപ്പ്

സച്ചിദാനന്ദൻ

"ഇരിക്കും മുമ്പ് സീററിന്നടിയിൽ
ബോംബില്ലെന്ന് ഉറപ്പുവരുത്തുക.'' *
എണീക്കുംമുമ്പ് കാലുകളിൽ
ചങ്ങലയില്ലെന്ന് ഉറപ്പുവരുത്തുക
കിടക്കുംമുമ്പ് മനഃസാക്ഷി
കീശയിൽത്തന്നെയുണ്ടെന്ന് ഉറപ്പു
വരുത്തുക
പറയുംമുമ്പ് പറയേണ്ടത്
പറയുകയില്ലെന്ന് ഉറപ്പുവരുത്തുക
എഴുതുംമുമ്പ് വാക്കുകളിൽ
ഒരു തീപ്പൊരിപോലുമില്ലെന്ന്
ഉറപ്പുവരുത്തുക
മരിക്കുംമുമ്പ് ജീവിച്ചത് മുഴുവൻ
വെറുതെയായിരുന്നെന്ന് ഉറപ്പുവരു
ത്തുക
വീണ്ടും ജനിക്കുംമുമ്പ്
ഇനി ജനിക്കയില്ലെന്ന് ഉറപ്പുവരുത്തുക

* ഡൽഹിയിലെ ബസ്സുകളിൽ എഴുതിവ
ച്ചിട്ടുള്ള മുന്നറിയിപ്പ്

No. 109

AKPCTA

February '93

# കേരളസെനററ്: എ കെ പി സി ടി എ യ്ക്ക് ഗംഭീരവിജയം

## 16 സീററിൽ 9 ഉം സംഘടനയ്ക്ക്

കേരള യൂണിവേഴ്സിററി സെനററ് തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം സീററുകളും എ. കെ. പി. സി. ടി. എ. നേടി. കഴിഞ്ഞ തവണ എട്ടുപേരാണ് വിജയിച്ചത്. ഇപ്പോഴത് ഒൻപതായി വർദ്ധിച്ചു. പ്രൈവററ് കോളേജധ്യാപകർക്കുവേണ്ടി പോരാടാൻ **എ കെ പി സി ടി എ യ്ക്കു മാത്രമാണു കഴിയുന്നതെന്ന സത്യം കൂ**ടുതൽ കൂടുതൽ അധ്യാപകർ അംഗീകരിക്കുന്നുവെന്ന് ഈ വിജയം വ്യക്തമാക്കുന്നു. സർവ്വകലാശാലജനാധിപത്യം തകർക്കാൻ കച്ചകെട്ടുന്ന കേരള സർക്കാരിനുള്ള മുന്നറിയിപ്പു കൂടിയാണ് ഈ വിധിയെഴുത്ത്.

### എകെപിസിടിഎ വിജയികൾ

1. **ടി. എൻ. രാമൻപിള്ള**
   വി. ടി. എം. എൻ. എസ്. എസ്. കോളേജ്,
   ധനുവച്ചപുരം.
2. **എസ്. വിശ്വനാഥൻ**
   എസ്. എൻ. കോളേജ്,
   വർക്കല.
3. **പി. ഹരിദാസൻ**
   എസ്. എൻ. കോളേജ്,
   പുനലൂർ.
4. **പി. രവീന്ദ്രനാഥൻനായർ**
   എസ്. ഡി. കോളേജ്,
   ആലപ്പുഴ.
5. **ഇ. അബ്ദുൾ റഹീം**
   ടി. കെ. എം. ആർട്സ് & സയൻസ് കോളേജ്,
   കൊല്ലം.
6. **എം. കെ. ജോൺ**
   ക്രിസ്ത്യൻ കോളേജ്,
   ചെങ്ങന്നൂർ.
7. **ഡോ. ജി. ഭാസ്കരൻ**
   എൻ. എസ്. എസ്. കോളേജ്,
   ചേർത്തല.
8. **എൻ. ഹൈസിന്ത്**
   എഫ് എം. എൻ. കോളേജ്,
   കൊല്ലം.
9. **ജോൺ മാത്യു**
   സെൻറ് ഗ്രിഗോറിയസ് കോളേജ്,
   കൊട്ടാരക്കര.

---

എ കെ പി സി ടി എ

## സംസ്ഥാന സമ്മേളനം കോട്ടയത്ത്

1993 മാർച്ച് 27, 28

---

എഡിററർ : വി. എൻ. മുരളി, മാനേജിംഗ് എഡിററർ: കെ പി. ദിവാകരൻനായർ
പത്രാധിപസമിതി ; ജോർജ് സെബാസ്റ്റ്യൻ, ടി. എൻ. രാമൻപിള്ള, പി. ജി. ചന്ദ്രശേഖരൻ നായർ, സി. ജെ. ശിവശങ്കരൻ, ഡോ. കെ. ബി. പവിത്രൻ, ജോർജ്, ഡോ. രാജേന്ദ്രൻ ജോണി കെ. ജോൺ

# ഇത് അനുവദിക്കില്ല.

കേരള, കോഴിക്കോട്, മഹാത്മാ ഗാന്ധി സർവ്വകലാശാലകൾക്ക് ഒരു പൊതുനിയമം കൊണ്ടുവരുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാനായി കേരള സർക്കാർ നിയമിച്ച വർക്കിംഗ് ഗ്രൂപ്പ് ഒരു കരട് ബിൽ സമർപ്പിച്ചതായി അറിയുന്നു. ബില്ലിലെ പ്രധാന വ്യവസ്ഥകളിൽ ഒന്ന്, മൂന്ന് സർവ്വകലാശാലകളെയും നിയന്ത്രിക്കുന്നതിനും ഉപദേശ നിർദ്ദേശങ്ങൾ നല്കുന്നതിനും എല്ലാ അധികാരങ്ങളും നൽകിക്കൊണ്ടുള്ള ഒരു സ്റേററ് എഡ്യൂക്കേഷൻ കമ്മീഷൻെറ രൂപീകരണമാണ്. മററൊന്ന്, പരമാധികാര സഭയായ സെനററിനെ കേവലം ഉപദേശക സമതിയാക്കി തരംതാഴ്ത്തുന്നതിനുള്ള വ്യവസ്ഥയാണ്. സെനററിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുപകരം ബഹുഭൂരിപക്ഷം അംഗങ്ങളും ഉദ്യോഗസ്ഥന്മാരും നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുമാണ്. 105 അംഗങ്ങളുള്ള സെനററിൽ ചാൻസലർക്ക് 10 ഉം വൈചാൻസലർക്ക് 39 ഉം അംഗങ്ങളെ നോമിനേററ് ചെയ്യാം. ചുരുങ്ങിയത് 22 പേർ സർക്കാർ, സർവ്വകലാശാലാ ഉദ്യോഗസ്ഥന്മാരായിരിക്കും. വിവിധ സമതികളിൽനിന്നും 6 പേരെ നോമിനേററ് ചെയ്യാം. തെരഞ്ഞെടുക്കപ്പെടുന്ന 28 പേരിൽ സർവ്വകലാശാല--കോളേജദ്ധ്യാപകർക്ക് നിശ്ചയിച്ചിരിക്കുന്നത് ഫാക്കൽട്ടിക്ക് ഒരു പ്രതിനിധി എന്ന നിലയിലാണ്. അങ്ങിനെ വരുമ്പോൾ സർക്കാർ_സ്വകാര്യകോളേജ് അദ്ധ്യാപകരിൽ നിന്നും പരമാവധി 5 അംഗങ്ങളായിരിക്കും സെനററിൽ ഉണ്ടാവുക. (ഇന്നുള്ള നിയമമനുസരിച്ച് പ്രൈവററ് കോളേജദ്ധ്യാപകർക്ക് 16 ഉം ഗവ:കോളേജദ്ധ്യാപകർക്ക് 5ഉം പ്രതിനിധികളാണ് സെനററിൽ ഉള്ളത്.) സെനററിലെ വിദ്യാർത്ഥി പ്രാതിനിധ്യം വൈസ്ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന 3 അംഗങ്ങളായി ചുരുക്കിയിരിക്കുന്നു. വിദ്യാർത്ഥിപ്രതിനിധികളെ സെനററിലേക്ക് തെരഞ്ഞെടുക്കാനുള്ള അവകാശം എടുത്തുകളഞ്ഞിരിക്കയാണ്.

ബോർഡ് ഓഫ് മാനേജ്മെൻറ് എന്ന് പുനർ നാമകരണം ചെയ്തിരിക്കുന്ന സിൻഡിക്കേററിൽ സർവ്വകലാശാല ഉദ്യോഗസ്ഥർ 6 പേരും, വൈസ്ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന 3 പേരും ചാൻസലറും എഡ്യൂക്കേഷൻ കമ്മീഷനും നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധിയും തിരഞ്ഞെടുക്കപ്പെടുന്ന 5പേരുമാണ് അംഗങ്ങൾ. തെരഞ്ഞെടുക്കപ്പെടുന്ന 5ൽ ഓരോന്നുവീതം സർവ്വകലാശാല അദ്ധ്യാപകർക്കും, കോളേജദ്ധ്യാപകർക്കും (സർക്കാർ--സ്വകാര്യ) സ്വകാര്യകോളേജ് പ്രിൻസിപ്പൽമാർക്കും നീക്കിവച്ചിരിക്കുന്നു. ബാക്കി രണ്ടുപേരെ മാത്രമാണ് സെനററിൽ നിന്നും തെരഞ്ഞെടുക്കുന്നത്. ബഹുഭൂരിപക്ഷം നാമനിർദ്ദേശം ചെയ്യപ്പെട്ടവരും ഉദ്യോഗസ്ഥന്മാരുമടങ്ങുന്ന സെനററിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഈ 2 പേർ വൈസ്ചാൻസലറുടെ ആജ്ഞാനുവർത്തികളായിരിക്കുമെന്നതിൽ തർക്കമില്ല.

ത്യാഗോജ്ജ്വലമായ സമരങ്ങളിൽ ക്കൂടി നേടിയെടുത്ത സ്വകാര്യകോളേജദ്ധ്യാപകരുടെ സേവന ഭദ്രത(64-ാം വകുപ്പുറപ്പെടെ) വ്യവസ്ഥചെയ്യുന്ന വകുപ്പുകൾ ആക്ടിൽ നിന്നും മാററി സ്ററാററ്യൂട്ടുകളിൽ ഉൾപ്പെടുത്താനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ സ്ററാററ്യൂട്ടുകൾ, തയ്യാറാക്കുന്നതോ ഉദ്യോഗസ്ഥൻമാർക്കും നാമനിർദ്ദേശം ചെയ്യപ്പെട്ടവർക്കും മൃഗീയഭൂരിപക്ഷമുള്ള ബോർഡ് ഓഫ് മാനേജ്മെൻറും. എഡ്യൂക്കേഷൻ കമ്മീഷൻെറ നിർദ്ദേശങ്ങൾക്കനുസരിച്ചു മാത്രമേ ബോർഡിന് സ്ററാററ്യൂട്ടുകൾ തയ്യാറാക്കാൻ സാധിക്കൂ. സമരങ്ങളിൽ കൂടി നേടിയെടുത്ത അവകാശങ്ങളെല്ലാം ഒററയടിക്ക് ഇല്ലാതാക്കുകയാണ് ഇതിൻെറ ലക്ഷ്യം.—നഗ്നമായ സ്വകാര്യ മാനേജ്മെൻറ് പ്രീണനമാണിത്.

സർവ്വകലാശാലകളെ സ്വകാര്യമേഖലക്ക് തീറെഴുതിക്കൊടുക്കുകയെന്നതാണ് ഈ കരട് ബില്ലിൻെറ കാതൽ. അംഗീകൃത കോളേജുകൾ, അൺഎയ്ഡഡ് കോളേജുകൾ, ഓട്ടോണമസ് കോളേജുകൾ, തുടങ്ങിയവ സ്ഥാപിക്കണമെന്നും, അവയ്ക്ക് പരമാവധി പ്രവർത്തന സ്വാതന്ത്ര്യം നല്കണമെന്നുമാണ് കരട് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇവയുടെ പ്രതിനിധികൾക്ക് ഭരണസമിതികളിൽ പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുമുണ്ട്. അതുപോലെ തന്നെ മാനേജുമെൻറുകൾക്ക് ഏതു സമയത്തും കോഴ്സുകളും കോളേജുകളും നിർത്തൽ ചെയ്യുന്നതിനുള്ള അവകാശം നല്കിയിരിക്കുന്നു. ഇത് ഉന്നതവിദ്യാഭ്യാസ മേഖലയെ താറുമാറാക്കുകയും സാമൂഹ്യപുരോഗതിയെ പിന്നോട്ടടിക്കുകയും ചെയ്യും.

വിദ്യാഭ്യാസം, പ്രത്യേകിച്ചും, ഉന്നത വിദ്യാഭ്യാസം സാമൂഹ്യ സാമ്പത്തിക വികസനവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. ഉന്നതവിദ്യാഭ്യാസ മേഖലയെ നിയന്ത്രിക്കുന്നത് സർവ്വകലാശാലകളാണ്. സർവ്വകലാശാലാനിയമങ്ങളിൽ ഒരു കാലത്തും ഒരു മാററവും വരരുതെന്ന് ആർക്കും അഭിപ്രായമുണ്ടാകാനിടയില്ല. പക്ഷേ മാററങ്ങൾ ഉണ്ടാവുമ്പോൾ അതു കൂടുതൽ പുരോഗതി ലക്ഷ്യമാക്കിയായിരിക്കണം. ആ നിലക്ക് വിദ്യാഭ്യാസ രംഗത്തെ ധിഷണാശാലികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ശാസ്ത്രസങ്കേതിക, സാമാന്യശാസ്ത്ര രംഗങ്ങളിലെ പ്രഗത്ഭർ, ബന്ധപ്പെട്ട വിഭാഗങ്ങൾ തുടങ്ങിയവരുമായി വിശദമായ ചർച്ചകൾക്കുശേഷമായിരിക്കണം അഭിപ്രായ രൂപീകരണമുണ്ടാകേണ്ടത്. അവധാനതയോടുകൂടി ചെയ്യേണ്ട കാര്യങ്ങൾ ധൃതിപിടിച്ച് രഹസ്യമായി ചെയ്യാനുള്ള നീക്കം നാശത്തിലേക്കേ വഴിതെളിക്കൂ. നിയമമാററത്തിൻെറ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങളിലൊന്ന് മറാത്തി ഭാഷ ഭരണ പഠന, മാധ്യമമാക്കുകയായിരിക്കണമെന്ന് നിർദ്ദേശിച്ച ഈ വർക്കിംഗ് ഗ്രൂപ്പ് എത്ര ലാഘവ ബുദ്ധിയോടെയാണ് ഈ കരട് ബിൽ തയ്യാറാക്കിയിരിക്കുന്നതെന്ന് കാണാം. ഈ വൈകിയ വേളയിലെങ്കിലും സർക്കാരിന് വിവേകം ഉദിക്കുമെന്നും ഉന്നതവിദ്യാഭ്യാസ രംഗത്തെയാകെ അപകടപ്പെടുത്തുന്ന ഈ നീക്കത്തിൽ നിന്നും സർക്കാർ പിന്തിരിയുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു. മറിച്ച്, ദൂരവ്യാപകമായ ദോഷഫലങ്ങളുളവാക്കുന്ന ഈ നിയമ നിർമ്മാണവുമായി മുന്നോട്ടു പോകാനാണ് സർക്കാർ മുതിരുന്നതെങ്കിൽ അതിനെ സർവ്വശക്തിയുമുപയോഗിച്ച് ചെറുത്തു തോല്പിക്കാൻ കോളേജദ്ധ്യാപകർ പ്രതിജ്ഞാബദ്ധരാണ്.

# 'ഇല്ലാത്തവ'രുടെ ഐക്യം പരമപ്രധാനം

ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ്

ജനാധിപത്യവ്യവസ്ഥ നിലനിൽക്കുന്ന ഒരു രാഷ്ട്രത്തിൽ, ആ വ്യവസ്ഥയെ പ്രോൽസാഹിപ്പിക്കുകയും അതിൻെറ ആക്കം വർധിപ്പിക്കുകയും ആണ് മതം ചെയ്യേണ്ടത്. എന്നാൽ നിർഭാഗ്യവശാൽ ഇന്ന് അതല്ല സംഭവിക്കുന്നത്. സമൂഹത്തെ നിയന്ത്രിക്കാനുള്ള ശ്രമമാണ് മതം നടത്തുന്നത്. ഇന്ത്യയെപ്പോലുള്ള ഒരു ബഹുമതരാഷ്ട്രത്തിൽ മതം സമൂഹത്തെ നിയന്ത്രിക്കാൻ ശ്രമിച്ചാൽ ഏകസമൂഹം എന്ന ലക്ഷ്യത്തിലെത്താൻ നമുക്കൊരിക്കലും സാധിക്കാതെ വരും. പലതരത്തിലുള്ള അസ്വാസ്ഥ്യങ്ങൾക്കും അതു കാരണമായിത്തീരുകയും ചെയ്യും. ദൈവനീതിയെക്കുറിച്ചുള്ള മനുഷ്യൻെറ ദർശനത്തിൻേറയും സങ്കൽപത്തിൻേറയും വെളിച്ചത്തിൽ സമൂഹത്തിനാവശ്യമായ പ്രചോദനം കൊടുക്കുകയാണ് മതത്തിൻെറ കടമ. അവിടെ ഭരണമോ നിയന്ത്രണമോ പാടില്ല. സമൂഹത്തിൽ യജമാനനാകാനല്ല, കഷ്ടപ്പെടുന്നവൻെറ ദാസനാകാനാണ് മതം നിയോഗിക്കപ്പെട്ടിട്ടുള്ളത്.

ഈ ധർമം മറന്നുകൊണ്ടാണ് ഇന്നെല്ലാ മതങ്ങളും പ്രവർത്തിക്കുന്നത്. സ്വന്തം താൽപര്യം പരിരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിലാണ് മതം ഇന്നേർപ്പെടുന്നത്. മററു മതത്തിൽ പ്രവർത്തിക്കുന്നവരുടെ താൽപര്യമോ വിശ്വാസമോ ആരും നോക്കുന്നതേയില്ല. നമ്മുടെ വിദ്യാഭ്യാസരംഗത്ത് സ്തുത്യർഹമായ പങ്ക് ക്രിസ്തുമതം വഹിച്ചിട്ടുണ്ട്. അതംഗീകരിക്കുമ്പോൾ തന്നെ, സാമൂഹ്യമായ ചില നിയന്ത്രണങ്ങൾ അവിടെയും വേണ്ടി വരും. എന്നാൽ നിയമനത്തിൻെറ കാര്യത്തിലോ വിദ്യാർഥി പ്രവേശനത്തിലോ മററു ഭരണകാര്യങ്ങളിലോ ഒന്നിലും ഒരു നിയന്ത്രണവും പാടില്ല എന്നാണ് ഇന്നത്തെ വാദം.

ഗോഹത്യ നിരോധിക്കണം എന്നാണ് ഹിന്ദു മതവിശ്വാസികളിൽ ചിലർ ആവശ്യപ്പെടുന്നത്. ശരീയത്തിൽ തൊട്ടുകളിക്കരുത് എന്നാണ് മുസ്ലീമുകൾപറയുന്നത്. ഇങ്ങനെ പരസ്പര വിരുദ്ധങ്ങളായ താൽപര്യങ്ങളിലും വിശ്വാസങ്ങളിലും ഉറച്ചു നിൽക്കുമ്പോൾ അവ സംഘട്ടനത്തിലേക്ക് നയിക്കുന്നു. ഭരണകൂടമാകട്ടെ ഇതിൽ ഓരോ കൂട്ടരേയും പ്രീണിപ്പിച്ച് അവരുടെ വോട്ടു സമ്പാദിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ഇതെല്ലാം വർഗീയതയെ വളർത്തുകയും അതിനുവളം വെക്കുകയും ചെയ്യുന്നു.

ശ്രീബുദ്ധൻ, ശ്രീകൃഷ്ണൻ, ശ്രീയേശു, മുഹമ്മദ് നബി, നാരായണഗുരു മുതലായ ആചാര്യൻമാരെല്ലാം തങ്ങളുടെ കാലത്തെ സംസ്കാരത്തെ സമ്പന്നമാക്കിയത് അവരുടെ സ്വന്തം മതത്തിൻേറയോ സമുദായത്തിൻേറയോ ഉള്ളിൽ നിന്നു പ്രവർത്തിച്ചതിലൂടെ മാത്രമല്ല, മററുള്ളവരോടുള്ള ആഭിമുഖ്യംകൊണ്ട് കൂടിയാണ്. ഇവരിലെല്ലാം വിശാലവും ഉന്നതവുമായ മനുഷ്യത്വം ഉണ്ട്. ഇവർ പഠിപ്പിച്ചതെല്ലാം മറക്കുകയും അവരെപ്പററിയുള്ള കെട്ടുകഥകളും ഐതിഹ്യങ്ങളുമാണ് സത്യം എന്നു പ്രചരിപ്പിക്കുകയുമാണ് ഇപ്പോൾ നടക്കുന്നത്. സാക്ഷാൽ മനുഷ്യനെ മറക്കുകയും മനുഷ്യരോടുള്ള താൽപര്യം നശിക്കുകയും ചെയ്തിരിക്കുന്നു. യഥാർഥമതം വർഗീയത വളർത്തുന്നതല്ല: എല്ലാതരത്തിലുള്ള വർഗീയതയേയും ഇല്ലാതാക്കുന്നതാണ്.

## മതത്തിൻെറ കാലികധർമം

മതവിശ്വാസം വർഗീയമായിത്തീരുന്നത് ആ വിശ്വാസത്തിൻെറ പേരിൽ സ്വന്തം താൽപര്യങ്ങൾ പരിരക്ഷിക്കാനും സാധാരണ ജനങ്ങളുടെ താൽപര്യത്തിനു വിരുദ്ധമായി പ്രവർത്തി

ക്കാനും തുടങ്ങുമ്പോഴാണ്. ക്ഷേത്രത്തിലോ പള്ളിയിലോ പോകുന്നതും പ്രാർത്ഥിക്കുന്നതും, കുർബാന കാണുന്നതുമെല്ലാം ഒരു വിശ്വാസിയുടെ വിശ്വാസത്തിന്റെ ഭാഗമായിരിക്കാം. എന്നാൽ ആ വിശ്വാസം മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലായിക്കൂട. അത് ചിലരുടെ അഭിമാനത്തിന്റേയും അന്തസ്സിന്റെയും വിഷയമായിത്തീരാൻ പിടില്ല.

വിശ്വാസം ഉപയോഗപ്പെടുത്തി സ്വന്തം സമുദായ താൽപര്യം സംരക്ഷിക്കാനാണ് ചിലർ ശ്രമിക്കുന്നത്. സമുദായം സൃഷ്ടിക്കാനോ സമുദായതാൽപര്യം സംരക്ഷിക്കാനോ അല്ല മതം ശ്രമിക്കേണ്ടത്. നമ്മളെല്ലാം ഈശ്വരന്റെ മക്കളാണ്, സഹോദരീസഹോദരൻമാരെപോലെ ജീവിക്കേണ്ടവരാണ് എന്ന ചിന്താഗതി വളർത്തുകയാണ് അത് ചെയ്യേണ്ടത്.

മറ്റൊരു കാര്യംകൂടിയുണ്ട് ഒരുത്തന്റെ വിശ്വാസവും ആ വിശ്വാസത്തോടനുബന്ധിച്ചുള്ള ആചാരാനുഷ്ഠാനങ്ങളും മററവന്റേതിനേക്കാൾ ശ്രേഷ്ഠമാണ് എന്നൊരു ചിന്താഗതി പലർക്കുമുണ്ട്. അതിന്റെ ഫലമായി മറ്റുള്ളതെല്ലാം തെറ്റാണ് എന്ന ചിന്താഗതിയും അതിനെയെല്ലാം അടിച്ചമർത്താനുള്ള പ്രവണതയും വർധിച്ചുവരുന്നു. ഭൂരിപക്ഷ മതങ്ങൾക്ക് അത്തരമൊരു പ്രവണത ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ഇന്ത്യ ഹിന്ദുക്കളുടേതാണെന്നും ഇന്ത്യൻ സംസ്കാരം ഹിന്ദു സംസ്കാരമാണെന്നും പറയുന്നതിൽ അപകടമുണ്ട്. ഭാരതം അനേകം മതങ്ങൾക്ക് ജൻമം നൽകിയിട്ടുണ്ട്. അതുപോലെത്തന്നെ ഏറെ മതങ്ങൾക്ക് ആതിഥ്യമരുളിയിട്ടുമുണ്ട്. ഇവിടെ വിവിധ മതവിഭാഗങ്ങൾ പരസ്പര വിശ്വാസത്തോടും സൗഹാർദ്ദത്തോടും കൂടി ജീവിച്ച ചരിത്രമാണുള്ളത്. ഇവരെല്ലാം ഈ രാജ്യത്തിന്റെ നൻമയ്ക്കും സംസ്കാരത്തിനും നൽകിയ സംഭാവനകൾ കനപ്പെട്ടതാണ്. അക്ബർ ചക്രവർത്തിക്കു ഹിന്ദു ഭാര്യമാരുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. ഞാൻ ആരാധന നടത്തുന്ന ദേവാലയം ശക്തൻ തമ്പുരാൻ പണി കഴിപ്പിച്ചതാണ്. ഇതെല്ലാം പരസ്പരാഭിമുഖ്യത്തിന്റേയും സഹിഷ്ണുതയുടേയും സ്വീകാര്യതയുടേയും ദൃഷ്ടാന്തമാണ്.

മതം ചെയ്യേണ്ട ഒരു പ്രധാന കാര്യം അതിന്റെ അടിസ്ഥാനപരമായ തത്വങ്ങളും ഉദ്ബോധനങ്ങളും ആധുനിക കാലഘട്ടത്തിന് ഉതകുന്ന തരത്തിൽ വ്യാഖ്യാനിക്കുകയാണ്. മതം ഈശ്വരനു വേണ്ടിയുള്ളതല്ലാ മനുഷ്യനു വേണ്ടിയുള്ളതാണ്. അതുകൊണ്ടുതന്നെ മനുഷ്യന്റെ ജീവിതം കൂടുതൽ മാനുഷികമാക്കാൻ സാധിക്കത്തക്ക വിധത്തിലുള്ള, ആധുനിക ലോകത്തിന് പ്രസക്തമാക്കിയിട്ടുള്ള, വ്യാഖ്യാനങ്ങൾ ഉണ്ടാവണം. എല്ലാ മതങ്ങളും ഉടലെടുത്ത സമയത്തുണ്ടായിരുന്ന സാമൂഹ്യ പശ്ചാത്തലം ഏറെ വ്യത്യാസപ്പെട്ടിരിക്കുന്നു ഇന്ന്. ഏതു മതഗ്രന്ഥത്തിലും ആ കാലത്തിന്റെ സ്വാധീനമുണ്ടായിരിക്കും. അതിൽ നിത്യമായിട്ടുള്ള സത്യവും ഉണ്ടായിരിക്കും. നിത്യമായിട്ടുള്ള സത്യം പലപ്പോഴും വിസ്മരിക്കപ്പെടുകയാണ്. അതിനെ പുറത്തുകൊണ്ടുവരാനും ഈ കാലത്തോടു ബന്ധപ്പെടുത്താനും ആവശ്യമായ വ്യാഖ്യാനങ്ങൾ നൽകുക എന്നുള്ളതാണ് ഇന്ന് മതം ചെയ്യേണ്ടത്.

നിഷ്പക്ഷമായി നീതി നിർവഹിക്കേണ്ട ഭരണകൂടം താൽകാലികലാഭത്തിനുവേണ്ടി പരസ്പര ഭിന്നങ്ങളായ താത്പര്യങ്ങൾ സംരക്ഷിക്കാനുള്ള ശ്രമമാണ് നടത്തുന്നത് ഇതിന്റെ ഫലമായി മതങ്ങൾക്കും സാധാരണ ജനങ്ങൾക്കും ഒരു തരം അരക്ഷിതബോധം തോന്നാൻ തുടങ്ങിയിട്ടുണ്ട്. അത് സ്വരക്ഷയ്ക്ക് നിയമം കയ്യിലെടുക്കുന്നതിലേക്ക് ജനങ്ങളെ നയിക്കും. അങ്ങനെ ചെയ്യണമെന്നോ അത് ശരിയാണന്നോ അല്ല പറയുന്നത്. ഗവർമെണ്ടിന്റെ തെററായ നയങ്ങൾ ജനങ്ങളെ അത്തരമൊരവസ്ഥയിൽ എത്തിക്കുകയാണു ചെയ്യുന്നത്. നിർഭാഗ്യകരമായ ഒരു കാര്യമാണത്. നിഷ്പക്ഷമായ നീതി നിർവഹണത്തിലൂടെ ജനങ്ങളിൽ സുരക്ഷിതത്വബോധം വളർത്തിയെടുക്കാനുള്ള ശ്രമം ഭരണാധികാരികളുടെ ഭാഗത്തുനിന്നുണ്ടാവണം.

എന്നെ ഭയപ്പെടുത്തുന്ന മറെറാരു കാര്യം, വർഗീയലഹളകളുടെ മുന്നിൽ യുവജനങ്ങളാണ് കാണപ്പെടുന്നത് എന്നതാണ്. നമ്മുടെ യുവജനങ്ങൾ അസ്വസ്ഥരും അസംതൃപ്തരുമാണ്. സ്വാതന്ത്ര്യം ലഭിക്കുന്ന സമയത്തുണ്ടായിരുന്ന സ്വപ്നങ്ങൾ ഒന്നും ഇതുവരെ സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല. കൂടുതൽ വിദ്യാഭ്യാസത്തിനുള്ള അവസരം, തൊഴില

വസരങ്ങളും, അവസര സമത്വം ഇതൊന്നും ഉണ്ടായിട്ടില്ല. അടുത്ത കാലത്തൊന്നും അതുണ്ടാകാൻ പോകുന്നില്ല എന്ന തോന്നൽ ഇന്ന് വ്യാപകമായിട്ടുണ്ട്. അസംതൃപ്തവും അസ്വസ്ഥവും ആയ മനസ്സുള്ള ഒരു ജനവിഭാഗത്തെ പ്രകോപിപ്പിക്കാൻ വളരെ എളുപ്പമാണ്. ഇതറിയാവുന്ന മതസമുദായങ്ങളുടെ നേതൃത്വത്തിലുള്ളവർ യുവജനങ്ങളെ തങ്ങളുടെ കാര്യസാധ്യത്തിനുവേണ്ടി ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

## ഉപരിവർഗ താൽപര്യസംരക്ഷണം

മതസമുദായസംഘടനകളെല്ലാം തന്നെ അതിൽപ്പെട്ട ഉപരിവർഗ താൽപര്യങ്ങളാണ് സംരക്ഷിക്കുന്നത് എന്നത് ഇന്നൊരു രഹസ്യമല്ല. പള്ളികൾ നടത്തുന്ന സ്കൂളുകളും ആശുപത്രികളും തന്നെ എടുക്കൂ. അതിനെ നിയന്ത്രിക്കുന്നത്; അതുകൊണ്ടുഗുണമനുഭവിക്കുന്നത്, അതത് വിഭാഗത്തിൽപെട്ട വരേണ്യവർഗമാണ്. ക്രൈസ്തവസഭയുടെ സ്വാധീനമുള്ള ബാങ്കുകളുടെ കാര്യവും വ്യത്യസ്തമല്ല. സാധാരണ അംഗങ്ങൾക്ക് ഒരു കപ്പോ കോപ്പയോ സമ്മാനം; ഡയറക്ടർക്കും വേണ്ടപ്പെട്ടവർക്കും വിവിധആനുകൂല്യങ്ങളും സൗകര്യങ്ങളും. ഇതാണവസ്ഥ. ഇങ്ങനെ മതമുപയോഗിച്ച് സ്വന്തം താൽപര്യം സംരക്ഷിക്കുന്ന വരേണ്യവർഗത്തിന് അതു നിലനിർത്താൻ മററു മത സമുദായങ്ങൾക്കെതിരായിട്ടും അവരുടെ താൽപര്യങ്ങൾക്കെതിരായിട്ടും പ്രവർത്തിക്കേണ്ടിവരും. ഇവർ വർഗീയത വളർത്തുന്നതിൽ ഒട്ടും നിസ്സാരമല്ലാത്ത പങ്കു വഹിക്കുന്നുണ്ട്.

മതസംഘടനകൾ മതങ്ങളുടെ യഥാർഥ മൂല്യം കണ്ടെത്തി ജനങ്ങളെ പഠിപ്പിക്കാൻ ശ്രമിക്കണം. മതസിദ്ധാന്തങ്ങൾ വ്യാഖ്യാനിക്കുന്നതിന്റേയും പഠിപ്പിക്കുന്നതിന്റേയും കുത്തക കയ്യടക്കിയിട്ടുള്ള സ്ഥാപനങ്ങൾ പറയുന്നത് വിട്ട്, അതല്ല യഥാർഥ മതമെന്നും മതമൂല്യങ്ങൾ ഇങ്ങനെയല്ല പഠിപ്പിക്കേണ്ടതെന്നും പറയാൻ മതസംഘടനകൾക്ക്, അതിലെ യുവജനങ്ങൾക്ക് സാധിക്കണം. അതായത്, മതത്തിലെ വിമോചക മൂല്യങ്ങൾ പുറത്തുകൊണ്ടുവരാനുള്ള ശ്രമം നടക്കണം. പുരോഗമന സ്വഭാവമുള്ള, മതത്തിന്റെ ഉള്ളിൽത്തന്നെ നിൽക്കുന്ന, യുവജനങ്ങൾ മതത്തിലെ വിമോചക മൂല്യങ്ങൾ പുറത്തുകൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ക്രിസ്ത്യാനികളിലും ഹിന്ദുക്കളിലും മുസ്ലീങ്ങളിലും അങ്ങനെയുള്ള ആളുകൾ ഉണ്ട്. അസ്ഗർ അലി എഞ്ചിനീയർ ഒരു മുഹമ്മദീയനാണ്. എന്നാൽ മതനിരപേക്ഷ സമൂഹത്തിന് അദ്ദേഹം നൽകിയ സംഭാവന അത്ഭുതാവഹമാണ്. അദ്ദേഹത്തിന് എതെങ്കിലും രാഷ്ട്രീയ പാർടിയോട് ബന്ധം ഉള്ളതായി എനിക്കു അറിയില്ല. സ്വാമി അഗ്നിവേശ് ഒരു തികഞ്ഞ ഹിന്ദു സ്വാമിയെപ്പോലെ നടക്കുന്ന ആളാണ്. ഒരു കാലത്ത് ജനതാ പാർട്ടയിൽ വലിയ താൽപര്യംഅദ്ദേഹംകാണിച്ചിരുന്നു. ഇദ്ദേഹവും മതത്തിലേക്കല്ല ആളുകളെ സംഘടിപ്പിക്കുന്നത്. കരിങ്കൽ ക്വാറി തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ അവകാശങ്ങൾക്കു വേണ്ടി പടപൊരുതുകയും ചെയ്യുന്ന ആളാണ് സ്വാമി അഗ്നിവേശ്. ക്രിസ്ത്യാനികളുടെ ഇടയിലുംഅങ്ങനെയുള്ളവരുണ്ട്.അവരൊന്നും ക്രൈസ്തവ സഭയുടെ ചട്ടക്കൂടിനെ ശക്തിപ്പെടുത്തണം എന്നു പറഞ്ഞുനടക്കുന്നവരല്ല.ഇങ്ങനെമതത്തിന്റെ അകത്തുള്ള പുരോഗമനവാദികളുടെപ്രവർത്തനംകുറച്ചുപ്രത്യാശക്ക് വക നൽകുന്നുണ്ട്. പക്ഷെ, ഇന്നു കാണുന്ന വർഗീയത ഇല്ലാതാകണമെങ്കിൽ മതവിശ്വാസികൾ മതേതര പ്രസ്ഥാനങ്ങളേയും ജനകീയ പ്രസ്ഥാനങ്ങളേയും ശക്തിപ്പെടുത്താൻ ശ്രമിക്കണം. ജനകീയ പ്രസ്ഥാനങ്ങളുടെ ഒപ്പം നിൽക്കാനും വാദിക്കാനും തയ്യാറുള്ള ഒരു സമീപനമുണ്ടായാൽ വർഗീയത ഇല്ലാതാക്കുന്നതിൽ മതത്തിന് വലിയൊരു പങ്കു വഹിക്കാൻ സാധിക്കും.

ഈ വിശ്വാസം ഉള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള എല്ലാ മീററിങ്ങുകളിലും ഞാൻ പോകുന്നത്. അവിടെ ഞാൻ ജനങ്ങളോട് പറയുന്നത്, എന്റെ പള്ളിയിലെ പ്രഭാഷണങ്ങളിൽ കൂടി പറയാൻ ശ്രമിക്കുന്നത്, നമ്മൾ മതത്തിന്റെ മതിലുകൾക്ക് പുറത്തു കടന്ന് ഉന്നതമായ മാനുഷിക കാഴ്ചപ്പാട് വളർത്തിയെടുക്കണം എന്നാണ്. ഞങ്ങൾ ക്രിസ്ത്യാനികൾ, നിങ്ങൾ മുഹമ്മദീയർ എന്ന ചിന്താഗതി മാററി, നമ്മളെല്ലാം മനുഷ്യർ, ഏകോദര

സഹോദരങ്ങളെപ്പോലെ പ്രവർത്തിക്കേണ്ടവർ എന്ന ചിന്താഗതി വളർത്തണം. എന്തായാലും മതത്തിൻെറ കാഴ്ചപ്പാടിൽ ഇത്തരമൊരു പരിഷ്ക്കരണവും, നവീകരണവും വരുത്തേണ്ടതുണ്ട്. ആ ദിശയിലേക്കുള്ള ചെറിയ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നു ഞാൻ മുമ്പ് സൂചിപ്പിച്ചുവല്ലോ. മതഗ്രന്ഥങ്ങൾ പഠിക്കണം. വിവിധ മതഗ്രന്ഥങ്ങൾ പരസ്പരം ബന്ധപ്പെടുത്തി പഠിക്കണം. മതേതര പ്രത്യയശാസ്ത്രങ്ങളും പഠിക്കണം. ഇവയെല്ലാമായി ധാരാളം സംവാദങ്ങൾ നടക്കണം. ഈ സംവാദങ്ങൾ ഒരുത്തനെ മററൊരുത്തൻെറ ടീമിലേക്ക് പരിവർത്തനം (കൺവർട്ട്) ചെയ്യാനല്ല, കേവലം ആശയ വിനിമയത്തിനു വേണ്ടിയുമല്ല. ഞാനെപ്പോഴും അടിവരയിട്ടു പറയാറുള്ള ഒരു കാര്യമാണ് We have to find out a not yet known position (ഇതുവരെ നമുക്കു കണ്ടെത്താൻ കഴിയാത്ത ഒരു നിലപാട് കണ്ടുപിടിക്കണം). നമുക്ക് കണ്ടെത്തേണ്ടതും കണ്ടെത്താവുന്നതുമായ ഒരു നിലപാടിനുവേണ്ടിയാണ് ഈ സംവാദം.

## ന്യൂനപക്ഷവും ഭൂരിപക്ഷവും

വർഗീയതയെ ന്യൂനപക്ഷമെന്നും ഭൂരിപക്ഷമെന്നും വേർതിരിച്ചു കാണുന്നതു ശരിയല്ല. ഭൂരിപക്ഷവർഗീയതയെ ചെറുക്കാൻ ന്യൂനപക്ഷവർഗീയതയെ താലോലിക്കുന്നതും ശരിയല്ല. കോളറവന്നാൽ ഛർദിച്ചു മരിക്കണോ, വയറിളകി മരിക്കണോ എന്ന ചോദ്യം പോലെ ബാലിശമാണ് ന്യൂനപക്ഷ വർഗീയതയാണോ ഭൂരിപക്ഷ വർഗീയതയാണോ കൂടുതൽ അപകടകരം എന്ന ചോദ്യം. അങ്ങനെ പറയാവുന്ന അവസ്ഥയിൽ നിന്ന് ബഹുദൂരം മുന്നോട്ട് പോയിരിക്കുന്നു. അവനിലല്ലോ ഞങ്ങൾ ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നത് എന്ന വേദവാക്യത്തെ-യേശുക്രിസ്തുവിനെ സൂചിപ്പിച്ച് പറയുന്നത്-അനുസ്മരിപ്പിച്ചുകൊണ്ട് പറയട്ടെ, വർഗീയതയിലല്ലോ എല്ലാ മതസമുദായങ്ങളും ജീവിക്കുകയും ചരിക്കുകയും ചെയുന്നത്.

മാത്രമല്ല, നമ്മുടെ ഭൂരിപക്ഷ ന്യൂനപക്ഷ ധാരണകൾ പഴയതാണ്. അത് മാററണം മതത്തിൻെറ പേരിലല്ല. ആര് ഭൂരിപക്ഷം ആര് ന്യൂപക്ഷം എന്നു തീരുമാനിക്കേണ്ടത്. അടിച്ചമർത്തപ്പെട്ടവരും കഞ്ഞിക്കു വകയില്ലാത്തവരും സാഹിത്യകാരൻെറ ഭാഷയിൽ പറഞ്ഞാൽ അവശനും ആർത്തനും ആലംബഹീനനും വേദപുസ്തകത്തിൻെറ ഭാഷയിൽ പറഞ്ഞാൽ ഇവിടുത്തെ അനാഥനും ദരിദ്രനും വിധവയും, മൊത്തത്തിൽ പറഞ്ഞാൽ ശബ്ദഹീനരും ശക്തിഹീനരുമായിട്ടുള്ള ആളുകൾ. ഇവരാണ് ഭൂരിപക്ഷം. ന്യൂനപക്ഷം എന്നു പറയുന്നത്. ന്യൂനതയുള്ള പക്ഷമാണ്. ആ ന്യൂനതയുള്ള പക്ഷമാണ്. ഞാനീപറഞ്ഞ ഭൂരിപക്ഷം. അപ്പോൾ മനുഷ്യനെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ വെളിച്ചത്തിലാണ് തരംതിരിവ് വേണ്ടത്.

ഈ രാജ്യത്തെ മനുഷ്യർ ഏതു മതവിഭാഗത്തിൽപ്പെട്ടവരായികൊള്ളട്ടെ, ഒരു മതത്തിലും പെടാത്തവരായി കൊള്ളട്ടെ, ഒരു പുതിയ അവബോധത്തിലേക്ക് വരണം. ന്യൂനതയുള്ള ഇവിടുത്തെ ഭൂരിപക്ഷം, എല്ലാ ശക്തിയും കഴിവും കയ്യടക്കിവെച്ചിട്ടുള്ള ഒരു ന്യൂനപക്ഷത്താൽ അടിച്ചമർത്തപ്പെട്ടിരിക്കുകയാണ്. ഈ ഭൂരിപക്ഷം സംഘടിക്കുകയും ശക്തി സംഭരിക്കുകയും ചെറുത്തുനിൽപ് നടത്തുകയും വേണം. ഹിന്ദുവാകട്ടെ, ക്രിസ്ത്യാനിയാകട്ടെ, മുസ്ലീം ആകട്ടെ, ഒരു മതത്തിലും പെടാത്തവനാകട്ടെ ഇല്ലാത്തവരെല്ലാം ഒരുമിച്ചുനിന്നാൽ ഈ വർഗീയതാ പ്രശ്നം തീർക്കാനായിട്ട് പററും. മനുഷ്യൻ ഏതുമതത്തിൽ ഉൾപ്പെടുന്നു എന്നതിൻെറ അടിസ്ഥാനത്തിൽ വേർതിരിഞ്ഞു നിന്ന് തമ്മിലടിക്കുന്നത് ഓരോ മതവിഭാഗത്തിലും പെട്ട ഉപരിവർഗത്തിൻെറ സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കാനേ ഉതകൂ.

അമ്പലത്തിൽ പോകണം, പള്ളിയിൽ പോകണം. ആരാധിക്കണം. അതെല്ലാം മനുഷ്യൻെറ അസ്തിത്വത്തിൻേറയും അന്വേഷണത്തിൻേറയും ഭാഗമാണ്. അത്, മരിച്ചു കഴിഞ്ഞതിനുശേഷം മോക്ഷപ്രാപ്തിക്കു വേണ്ടിയൊന്നുമല്ല. മോക്ഷപ്രാപ്തി നടക്കേണ്ടത് ഈ ലോകത്തുതന്നെയാണ്. ശബ്ദഹീനനും ശക്തിഹീനനും ഈ ലോകത്തുതന്നെ അത് അനുഭവിക്കാൻ സാധിക്കണം. പക്ഷെ ഈ അവബോധം ജനങ്ങളിലുണ്ടാവാതിരിക്കാനുള്ള ബോധപൂർവമായ ശ്രമം മതത്തിൻെറ ഭാഗത്തുനിന്നുണ്ട്. ജനങ്ങളുടെ സമരവാഞ്ഛയെ അടിച്ചമർത്തുന്നതിനു കരുതിക്കൂട്ടിയുള്ള ശ്രമം നടക്കുന്നുണ്ട്. എല്ലാ മതങ്ങളും ഇക്കാര്യത്തിൽ ഒരു പോലെയാണ്. ജനങ്ങളെ ആത്മീയത കൊണ്ടുമയക്കുക. എന്നിട്ട് ഒരു പററം ആളുകൾ അവരുടെ തലക്കു മീതെ കയറി നിന്നു തൻകാര്യം നേടുക. ഇതാണിന്നു നടന്നുകൊണ്ടിരിക്കുന്നത്. □

(മർക്സിസററ് സംവാദം, ലക്കം 1)

# വിദ്യാഭ്യാസരംഗത്ത് ഐ എം എഫിന്റെയും ലോകബാങ്കിന്റെയും കരിനിഴൽ

സി. ഭാസ്കരൻ

ജനാധിപത്യപരമായ രീതിയിലും ശാസ്ത്രീയാടിസ്ഥാനത്തിലും വിദ്യാഭ്യാസം പുനഃസംഘടിപ്പിക്കുകയെന്നുള്ളത് നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യാവശ്യങ്ങളിലൊന്നായിരുന്നു. പുനഃസംഘടിപ്പിക്കപ്പെടുന്നു വിദ്യാഭ്യാസ സമ്പ്രദായത്തിന് കീഴിൽ നിരക്ഷരത നിർമ്മാർജനം ചെയ്യണമെന്നും എല്ലാവർക്കും വിദ്യാഭ്യാസം ലഭിക്കണമെന്നും വിദ്യാഭ്യാസരംഗത്തു വിവേചനമോ അസമത്വമോ ഉണ്ടായിരിക്കരുതെന്നും ദേശീയ നേതാക്കൾ ആത്മാർഥമായി ആഗ്രഹിച്ചു. ആ ആഗ്രഹം സഫലീകരിക്കുമെന്ന പ്രതീക്ഷ ലക്ഷോപലക്ഷം വിദ്യാർഥികളെയും വിദ്യാഭ്യാസ പ്രേമികളെയും സ്വാതന്ത്ര്യസമരത്തിലേക്ക് എടുത്തുചാടാൻ പ്രേരിപ്പിച്ചു. സമരത്തിൽ പങ്കെടുത്ത വിദ്യാർഥികളിൽ അനേകംപേർ രക്തസാക്ഷികളായി. അതിലും എത്രയോ പേർക്ക് മാരകമായ പരിക്കുകളേറ്റു. പതിനായിരക്കണക്കിന് വിദ്യാർഥികൾ ജയിലുകളിൽ കിടന്ന് നരകിച്ചു.

സ്വാതന്ത്ര്യം കിട്ടിയപ്പോൾ ദേശീയപ്രസ്ഥാനത്തിന്റെയും അതിൽ പങ്കെടുത്തവരുടെയും ആഗ്രഹാഭിലാഷങ്ങൾനിറവേറ്റത്തക്കവിധത്തിലുള്ള നടപടികൾ വിദ്യാഭ്യാസരംഗത്തുണ്ടാകുമെന്ന പ്രഖ്യാപനങ്ങളുണ്ടായി. 1948-ൽ ചേർന്ന സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനത്തിൽവിദ്യാഭ്യാസമേഖല വിപ്ലവവൽക്കരിക്കുന്നതാണെന്നുവരെ ജവാഹർലാൽ നെഹ്റു പറഞ്ഞുവെച്ചു. 6-14 വയപരിധിൽപെട്ട മുഴുവൻ കുട്ടികൾക്കും 1960 ആകുമ്പോഴെക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസമേർപ്പെടുത്തുന്നതാണെന്ന് ഭരണഘടനയുടെ നിർദേശകതത്വങ്ങളിൽ എഴുതി വെച്ചപ്പോൾ ആ പ്രഖ്യാപനം പ്രായോഗികമാക്കാൻ ഗവൺമെന്റ് നടപടികൾ കൈക്കൊള്ളുമെന്ന പ്രതീക്ഷ പൊട്ടിമുളച്ചു. അധികാരക്കൈമാറ്റം കഴിഞ്ഞ ഉടനെ രണ്ട് വിദ്യാഭ്യാസ കമ്മിഷനുകൾ നിയോഗിക്കാനുള്ള കേന്ദ്ര വിദ്യാഭ്യാസ ഉപദേശക സമിതിയുടെ തീരുമാനം ആ പ്രതീക്ഷകൾ വളരെയധികം വികസ്വരമാക്കി.

അതിനുശേഷം വർഷം പലതുകഴിഞ്ഞു. ലോകത്തും രാജ്യത്തിനകത്തും പല മാറ്റങ്ങളുമുണ്ടായി. എങ്കിലും വിദ്യാഭ്യാസരംഗത്ത് അടിസ്ഥാനപരമായ മാറ്റം എന്ന സ്വപ്നം ഇപ്പോഴും ഏട്ടിലെ പശുവായി കിടക്കുന്നു. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേന്ദ്രത്തിൽ മാറി മാറി അധികാരത്തിൽ വന്ന ഗവൺമെന്റുകൾ പരാജയപ്പെട്ടു. എന്നുമാത്രമല്ല, പുതിയ പുതിയ പ്രശ്നങ്ങൾ അവർ സൃഷ്ടിക്കുകയും ചെയ്തു. ഇപ്പോഴിതാ വിദ്യാഭ്യാസരംഗത്ത് ഐ. എം. എഫിന്റെയും ലോകബാങ്കിന്റെയും കരിനിഴൽ വ്യാപിച്ചിരിക്കുന്നു. അത്യന്തം ഉൽകണ്ഠാകുലമായ ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ ഈ രംഗത്ത് നിലനിൽകുന്നത്. ഉൽകണ്ഠാകുലമായ ഈ സ്ഥിതിവിശേഷം സൃഷ്ടിക്കുന്ന പ്രധാധപ്പെട്ട ചില പ്രശ്നങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കാം.

ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇപ്പോഴും നിരക്ഷരത തന്നെ. എഴുതാനും വായിക്കാനും അറിയാത്തവരുടെ കേവല സംഖ്യ ആണ്ടോടാണ്ട് കൂടിക്കൊണ്ടിരിക്കുകയാണ്. ഇരുപത്തി ഒന്നാം നൂറ്റാണ്ട് തുടങ്ങുമ്പോഴേക്കും ലോകത്തിലെ മൊത്തം നിരക്ഷരരുടെ പകുതി

യിലധികം ഇന്ത്യയിലായിരിക്കുമെന്ന ലോക ബാങ്കിന്റെ അഭിപ്രായം ഒരുതരത്തിലും തിരുത്തേണ്ടിവരില്ല. ഔദ്യോഗിക സ്ഥിതി വിവരക്കണക്കുകൾ അതിന് നേരെയാണ് വിരൽ ചൂണ്ടുന്നത്. ഉദാഹരണത്തിന് 43-ാമത് നാഷണൽ സാമ്പിൾ സർവേ വെളിപ്പെടുത്തിയ കണക്കുകൾ നോക്കുക. അത് പ്രകാരം 1987-88-ൽ 5-9 വയപരിധിയിൽപ്പെട്ട ഓരോ 1000 കുട്ടികളിലും 730 പേരാണ് വിദ്യാലയ പ്രവേശനം നേടിയത്. 10-14വയസ് പരിധിയിൽപെട്ട ഓരോ 1000 കുട്ടികളിലും 799 പേരും—എന്നു വെച്ചാൽ ആദ്യം പറഞ്ഞ വയപരിധിയിൽപെട്ട 1000 കുട്ടികളിൽ 270 പേരും രണ്ടാമത് പറഞ്ഞ വയപരിധിയിൽപെട്ട 1000 കുട്ടികളിൽ 201 പേരും വിദ്യാലയങ്ങൾക്ക് പുറത്തായിരുന്നുവെന്നർത്ഥം. എട്ടാം പഞ്ചവത്സര പദ്ധതി രേഖയിൽ പറയുന്ന കണക്ക് പ്രകാരം ഒന്നാം ക്ലാസിനും 8-ാം ക്ലാസിനും മധ്യേ സ്കൂളിൽ ചേർന്ന കുട്ടികൾ 1991-92-ൽ 13.5 കോടിയായിരുന്നു. എന്നുവെച്ചാൽ അക്കൊല്ലം അത്രയും കുട്ടികൾ ഏതെങ്കിലുമൊരു പ്രൈമറി ക്ലാസിൽ പഠിക്കുകയായിരുന്നുവെന്നർഥം. ഇപ്പോൾ മൊത്തം ജനസംഖ്യയിൽ 5-14 വയപരിധിയിൽപ്പെട്ടവരുടെ അനുപാതം 27 ശതമാനമാണ്. അതായത് 86 കോടി ജനങ്ങളുള്ള ഇന്ത്യയിൽ ഈ വയപരിധിൽപെട്ട കുട്ടികളുടെ എണ്ണം 23 കോടിയായിരിക്കും. ഇതിൽനിന്ന് മനസിലാവുന്നത് ഈ വയപരിധിയിൽപെട്ട കുട്ടികളിൽ 9.5 കോടി ഇപ്പോഴും വിദ്യാലയങ്ങൾക് പുറത്താണെന്നാണ്. രാജ്യത്തെ ജനസംഖ്യ ഇപ്പോഴത്തെ തോതിൽ വർധിച്ചുകൊണ്ടിരുന്നാൽ എട്ടാം പദ്ധി അവസാനിക്കുമ്പോഴേക്കും മറെറാരു 2 കോടി കുട്ടികൾ കൂടി വിദ്യാലയങ്ങളിൽ സൗകര്യം കണ്ടെത്തേണ്ടിവരും. അതിന്റെ അർഥം 1997 മാർച്ച് 31 ആകുമ്പോഴേക്കും 1-14 വയപരിധിയിൽ പെട്ട മുഴുവൻ കുട്ടികളെയും വിദ്യാലങ്ങളിലെത്തിക്കുകയെന്ന എട്ടാം പദ്ധതി ലക്ഷ്യം പൂർത്തിയാക്കണമെങ്കിൽ 11.5 കോടി വിദ്യാർത്ഥികൾക്ക് പദ്ധതി കാലയളയിൽ കൂടുതലായി വിദ്യാലയ പ്രവേശനം നൽകേണ്ടിവരും എന്നാണ്. ഇത്രയും വിദ്യാർഥികളെ വിദ്യാലയങ്ങളിലേക്ക് കൊണ്ടുവരണമെങ്കിൽ എന്തുചെയ്യണം? ഒന്നാമതായി, നടന്നുപോയി പഠിക്കാൻ കഴിയുന്ന ദൂരത്തിൽ സ്കൂളുകളുണ്ടാവണം. രണ്ടാമതായി, സ്കൂളുകളിൽ വേണ്ടത്ര സൗകര്യങ്ങളുണ്ടാവണം. മൂന്നാമതായി, വിദ്യാലയങ്ങളിൽ ചേരാനും തുടർന്ന് പഠിക്കാനും കുട്ടികൾക്ക് പ്രചോദനം ലഭിക്കണം. ഉച്ചഭക്ഷണം, സൗജന്യമായി വസ്ത്രവും പുസ്തകങ്ങളും വിതരണം ചെയ്യൽ തുടങ്ങിയവയുടെ ആവശ്യം ഇവിടെയാണ് വരുന്നത്. ഇന്നത്തെ സ്ഥിതിയെന്താണ്? പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകുകയോ സൗജന്യമായി പുസ്തകങ്ങളും വസ്ത്രങ്ങളും വിതരണം ചെയ്യുകയോ ചെയ്യുന്നില്ലെന്നത് അവിടെ നിൽകട്ടെ 2628 പ്രൈമറി സ്കൂളുകളിൽ പഠിപ്പിക്കാൻ ഒററ അധ്യാപൻപോലുമില്ല. 1,48,033 പ്രൈമറി സ്കൂളുകളിൽ ഓരോ അധ്യാപകൻ വീതമേയുള്ളു. ഈ സ്കൂളുകളിൽ പലതിലും ഇരുന്ന് പഠിക്കാൻ ബഞ്ചോ വെച്ചെഴുതാൻ ഡസ്കോ എഴുതാൻ ബോർഡോ ഇല്ലെന്നുള്ള പരിതാപകരമായ അവസ്ഥയും നിലനിൽകുന്നു.

ഈ അവസ്ഥ മാററിത്തീർകണമെന്ന ലക്ഷ്യത്തോടെയാണ് രാജീവ് ഗാന്ധി ഗവൺമെൻറ് ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പരിപാടി തുടങ്ങിയത്. അന്ന് രാജ്യത്ത് നിലവിലുണ്ടായിരുന്ന 5.19 ലക്ഷം പ്രൈമറി സ്കൂളുകളിൽ മിനിമം സൗകര്യങ്ങൾ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ കഴിയുന്ന രണ്ട് മുറികൾ; ആ മുറിയിൽ ആവശ്യമായത്ര ഫർണീച്ചർ, ബോർഡ്, പുസ്തകങ്ങൾ, കളിക്കോപ്പുകൾതുടങ്ങിയവ ഏർപെടുത്തുന്നതാണെന്ന് ആ പരിപാടി വാഗ്ദാനം ചെയ്തു. 1987-88-ൽ 21 ശതമാനം പ്രദേശങ്ങളിലും പരിപാടി നടപ്പാക്കുന്നതാണെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചു. പക്ഷെ, വേണ്ടത്ര പണമില്ലാത്തതുമൂലം പരിപാടി പരാജയപ്പെട്ടുപോയി.

ഈ സാഹചര്യത്തിൽ എട്ടാം പദ്ധതി ലക്ഷ്യം പൂർതിയാക്കണമെങ്കിൽ വിദ്യാഭ്യാസ വകയിരുത്തൽ ഗണ്യമായി വർദ്ധിപ്പിക്കണം, പക്ഷെ, സർവീസ് ചെലവുകൾ വെട്ടിക്കുറക്കണമെന്ന ഐ എം എഫിന്റെയും ലോകബാങ്കിന്റെയും നിർദേശം മാനിച്ച് വിദ്യാഭ്യാസ വകയിരുത്താൻ വളരെയധികം കുറക്കുകയാണ് ഗവൺമെൻറ് ചെയ്തത്. അപ്പോൾ പിന്നെ പദ്ധതിലക്ഷ്യം കൈവരിക്കുന്നതെങ്ങനെ? ആ

ലക്ഷ്യം പോലും കൈവരിക്കാൻ കഴിയാതിരിക്കുമ്പോഴ് നിരക്ഷരത നിർമാർജനം ചെയ്യുന്നതെങ്ങനെ?

നിരക്ഷരരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയെന്ന പ്രശ്നംപോലെ തുല്യ പ്രാധാന്യം നൽകി പരിഗണിക്കേണ്ട മറ്റൊരു പ്രശ്നമാണ് കൊഴിഞ്ഞുപോക്ക്. ഒന്നാം ക്ലാസിൽ ചേരുന്ന മുഴുവൻ കുട്ടികളും പ്രൈമറി വിദ്യാഭ്യാസംപോലും പൂർത്തിയാകുന്നതിനുമുമ്പ് വിദ്യാലയങ്ങളോട് വിടപറയുന്നു. "വിദ്യാഭ്യാസത്തിന്റെ വെല്ലുവിളി. ഒരു നയസമീക്ഷ" എന്ന ഗവൺമെന്റ് രേഖയനുസരിച്ച് പ്രൈമറി ഘട്ടത്തിലെ കൊഴിഞ്ഞുപോക്ക് നിരക്ക് 63.1 ശതമാനവും മിഡിൽ ഘട്ടത്തിലേത് 77.1 ശതമാനവുമാണ്. ഈ സ്ഥിതിവിവരകണക്കുകളിൽനിന്ന് പ്രശ്നത്തിന്റെ ഗൗരവം വ്യക്തം. ഇതിന് കാരണം നമ്മുടെ രാജ്യത്തെ മഹാഭൂരിപക്ഷം ജനങ്ങളുടെയും ശോചനീയമായ ജീവിതാവസ്ഥയാണ്. അതിനാൽ കുട്ടികളെ സ്കൂളിലയക്കുന്നവർതന്നെ അവരെ പെട്ടെന്ന് അവിടെ നിന്ന് പിൻവലിച്ച് കുടുംബവരുമാനം തെല്ല് വർദ്ധിപ്പിക്കാൻ ജോലിക്കയക്കുന്നു. തൊഴിൽ ചെയ്യുന്ന കുട്ടികളുടെ എണ്ണം ഇന്ത്യയിൽ പെരുകിവരാനുള്ള കാരണമിതാണ്. ഇക്കാര്യം മുകളിൽ പറഞ്ഞ രേഖയിൽ ഇങ്ങനെ കൊടുത്തിട്ടുണ്ട്. "കുട്ടികൾ സ്കൂളുകളിൽ ഹാജരാകാതിരിക്കുന്നതിനും കൊഴിഞ്ഞുപോകുന്നതിനുമുള്ള മുഖ്യകാരണം ദാരിദ്ര്യമാണ്. വിദ്യാലയങ്ങളുടെ പടികയറാത്ത കുട്ടികളിൽ 96 ശതമാനവും കൊഴിഞ്ഞുപോകുന്ന കുട്ടികളിൽ 84 ശതമാനവും 4000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽനിന്ന് വരുന്നവരാണ്." രേഖ തുടരുന്നു. "80ശതമാനം ഡ്രോപ്ഔട്ടുകളും വിദ്യാലയങ്ങളിൽ പോകാത്ത 88 ശതമാനവും കർഷക-കർഷകതൊഴിലാളി കുടുംബങ്ങളിൽ പെട്ടവരത്രെ" അപ്പോൾ സാർവത്രിക വിദ്യഭ്യാസത്തെക്കുറിച്ചു നടത്തുന്ന ഏത് സംസാരവും സമൂലമായ സാമൂഹ്യ-സാമ്പത്തിക പരിഷ്കാരണങ്ങളുമായി, ഭൂപരിഷ്കരണങ്ങളുമായി, ബന്ധപ്പെട്ട് കിടക്കുന്നുവെന്ന് സിദ്ധിക്കുന്നു. അങ്ങനെയുള്ള പരിഷ്കരണം തങ്ങളുടെ കാര്യപരിപാടിയിലെ ഒരു ഇനമായി അംഗീകരിച്ചിട്ടില്ലാത്ത ഗവൺമെന്റിന് എങ്ങനെ വിദ്യാഭ്യാസം സാർവത്രികമാക്കാൻ കഴിയും?

പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് മാത്രമല്ല, സർവകലാശാലാ വിദ്യാഭ്യാസരംഗത്തും പ്രശ്നങ്ങളാണ്. വാസ്തവത്തിൽ വിദ്യാഭ്യാസരംഗത്തെ ഇപ്പോഴത്തെ പ്രതിസന്ധി ഏററവും പ്രകടമായി കാണാൻ കഴിയുന്നത് ആ രംഗത്താണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം യൂണിവേഴ്സിററികളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും എണ്ണവും പ്രവേശനനിരക്കും കൂടിയിട്ടുണ്ട്, സംശയമില്ല. 1947-ൽ 16 യൂണിവേഴ്സിററികളും 263 കോളെജുകളുമുണ്ടായിരുന്നസ്ഥാനത്ത് 1991-92ൽ 184 യൂണിവേഴ്സിററികളും 7000 കോളേജുകളും (ഉദ ദേശം) ഉണ്ട്. ഇത് ചൂണ്ടിക്കാട്ടി അധികൃതർ അവകാശപ്പെടാറുള്ളത് ഉന്നത വിദ്യാഭ്യാസരംഗത്ത് രാജ്യം ഗംഭീരമായ പുരോഗതി കൈവരിച്ചുവെന്നാണ്. ഈ അവകാശവാദം സത്യത്തെ മറച്ചുപിടിക്കുകയത്രെ ചെയ്യുന്നത്. 18-25 വയപരിധിയിൽപെട്ട യുവാക്കളിൽ ഉന്നത വിദ്യാഭ്യാസം കൈയെത്തിപ്പിടിക്കാൻ കഴിയുന്നവർ 4.5-5 ശതമാനം മാത്രം. അതേസമയം ഇതിന്റെ ഏഷ്യൻ ശരാശരി 12 ശതമാനമാണെന്നോർക്കുക. 17-23 വയപരിധിയിൽപെട്ട യുവാക്കളിൽ കോളേജ് പ്രവേശനം തേടിയെത്തിയവർ ആ വയപരിധിയിൽപെട്ടവരുടെ 25 ശതമാനമാണ് ഫിലിപ്പൈൻസിൽ. ദക്ഷിണ കൊറിയയിൽ ഇത് 18 ശതമാനവും ജപ്പാനിൽ 30 ശതമാനവുമാണ്. അപ്പോൾ നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥികളുടെ എണ്ണപ്പെരുപ്പം വലിയ പ്രശ്നമാണെന്ന അധികാരികളുടെ അവകാശവാദത്തിൽ കഴമ്പില്ല. ഉന്നത വിദ്യാഭ്യാസരംഗത്തെ പരിമിത വളർച്ചതന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ കുറച്ചുവർഷമായി നമ്മുടെ പല യൂണിവേഴ്സിററികളും കോളേജുകളും പണമില്ലാതെ വിഷമിക്കുകയാണ്. നടപ്പുസാമ്പത്തിക വർഷത്തിൽ അവയിൽ ചിലത് തകർച്ചയുടെ വക്കുവരെയെത്തി. യൂണിവേഴ്സിററി ഗ്രാന്റ്സ് കമ്മിഷൻ മുഴുവൻ ചെലവും വഹിക്കുന്ന ചില യൂണിവേഴ്സിററികൾപോലും പണമില്ലായ്മയുടെ വിഷമത അനുഭവിക്കേ

ങ്ങിവരുന്നു. എട്ടാം പദ്ധതിക്കാലയളവിൽ അനുവദിക്കുന്ന ഗ്രാൻറ് 1991-92 ലേതിന് തുല്യമായിരിക്കുമെന്ന് യു ജി സി പ്രഖ്യാപിച്ചപ്പോൾ ഉന്നതവിദ്യാഭ്യാസരംഗത്താകെ വലിയ ഒച്ചപ്പാടുണ്ടായത് അതുകൊണ്ടാണ്. ആ പ്രഖ്യാപനം യു ജി സി പിന്നീട് തിരുത്തിയെങ്കിലും പണമില്ലായ്മ പല യൂണിവേഴ്സിററികളുടെയും പ്രവർത്തനത്തെ വല്ലാതെ ബാധിക്കുന്നുണ്ട്. ദൽഹി യൂണിവേഴ്സിററിപോലുള്ള ഒരു യൂണിവേഴ്സിററി വിവിധ ഡിപ്പാർട്ടുമെൻറുകളിലെ ലൈബ്രറികൾക്കാവശ്യമായ ആനുകാലികങ്ങളുടെ വരിസംഖ്യ വെട്ടിക്കുറയ്ക്കാൻ നിർബന്ധിതമായി എന്ന് പറയുമ്പോൾ പണഞെരുക്കത്തിൻെറ ആഴം ഊഹിക്കാം. വിദ്യാഭ്യാസ നിക്ഷേപം കൂട്ടാത്ത ഗവൺമെൻറ് നയത്തെ ദൽഹി യൂണിവേഴ്സിററി അക്കാദമിക് കൗൺസിൽ അതിനിശിതമായി എതിർകാൻ ധൈര്യം കാട്ടി. മാത്രമല്ല ഇത് സംബന്ധിച്ച പ്രമേയം കൗൺസിൽ പരസ്യപ്പെടുത്തുകയും ചെയ്തു.

ഗവൺമെൻറ് നയത്തിനെതിരായ സമീപനത്തിൽ അസംതൃപ്തി പ്രകടിപ്പിക്കാൻ വൈസ്ചാൻസലർമാർതന്നെ മുന്നോട്ടുവന്നു. എന്തിനധികം, യു ജി സി ചെയർമാൻ ഡോക്ടർ രാമറെഡ്ഡിപോലും വെട്ടിത്തുറന്ന് പറഞ്ഞു: ''ഉന്നത വിദ്യാഭ്യാസ വകയിരുത്തൽ നിശിതമായി വെട്ടിക്കുറച്ചതിൻെറ അർത്ഥം യൂണിവേഴ്സിററികളുടെ മുമ്പിൽ മാത്രമല്ല, വിദ്യാഭ്യാസ വ്യവസ്ഥയുടെ തന്നെ മുമ്പിൽ പ്രശ്നങ്ങൾ വലിച്ചിടുക എന്നാണ്. ഉന്നത വിദ്യാഭ്യാസത്തിൻെറ മൂല്യശോഷണം സമൂഹതാൽപര്യത്തിന് പററിയതല്ല.'' ഏററവും ഒടുവിലത്തെ സ്ഥിതിഗതികളെ ഗവൺമെൻറിൽ നിന്ന് പ്രത്യേക പരിഗണന കിട്ടുന്ന ചില യൂണിവേഴ്സിററികൾഞെട്ടലോടെയാണ്‌വീക്ഷിച്ചതെങ്കിൽ മററ് ചില യൂണിവേഴ്സിററികൾ യുദ്ധകാലാടിസ്ഥാനത്തിൽ വിഭവ പ്രതിസന്ധി മുറിച്ചുകടക്കാനാണ് ശ്രമിച്ചത്. ബീഹാർ യൂണിവേഴ്സിററിപോലുള്ള ചില യൂണിവേഴ്സിററികൾക്ക് ജീവനക്കാർക്ക് ശമ്പളം നൽകാൻ ബാങ്കുകളിൽനിന്ന് കടമെടുക്കേണ്ട ഗതികേടുണ്ടായി.

എന്താണി വിഭവ പ്രതിസന്ധിക്ക് കാരണം ? വിദ്യാഭ്യാസ വകയിരുത്തൽ ഗണ്യമായി വെട്ടിക്കുറച്ചതല്ലാതെ മറെറാന്നല്ല. അങ്ങനെനെ ചെയ്താവട്ടെ ഐ എം എഫിൻെറയും ലോകബാങ്കിൻെറയും ഉത്തരവനുസരിച്ചാണുതാനും. ധനകമ്മി ഗണ്യമായി വെട്ടിക്കുറക്കണമെന്നു അവ ആജ്ഞാപിച്ചപ്പോൾ സർവീസ് ചെലവുകൾ വെട്ടിക്കുറച്ചുകൊണ്ട് ഗവൺമെൻറ് ആ ആജ്ഞ നടപ്പാക്കുകയായിരുന്നു. സർവീസ് ചെലവുകൾ വെട്ടിക്കുറക്കാൻ തീരുമാനിച്ചപ്പോഴാകട്ടെ അതിൻെറ ഖഡ്ഗം ആദ്യമായി വന്നുപതിച്ചത് വിദ്യാഭ്യാസ മേഖലയുടെ മേലും.

വാസ്തവത്തിൽ ഐ എം എഫ് ലോകബാങ്ക് ആജ്ഞവരുന്നതിനു മുമ്പുതന്നെ വിദ്യാഭ്യാസച്ചെലവിൻെറ കാര്യത്തിൽ ഗവൺമെൻറിൻെറ സമീപനം പ്രതിലോമപരമായിരുന്നു. വിദ്യാഭ്യാസത്തെ പ്രത്യുൽപാദനപരമല്ലാത്ത ഒരു നിക്ഷേപമായിട്ടാണ് എപ്പോഴും ഗവൺമെൻറു കണക്കാക്കിപോന്നത്. അവർ ഓരോപദ്ധതിയിലും വിദ്യാഭ്യാസ വകയിരുത്തൽ കുറച്ചുകൊണ്ടുവരുന്നു. ഒന്നാം പദ്ധതിയിൽ പദ്ധതി അടങ്കലിൻെറ 7.6 ശതമാനമായിരുന്നു അതെങ്കിൽ ഏഴാം പദ്ധി ആയപ്പോഴേക്ക് അത് രണ്ട് ശതമാനമായി ചുരുക്കി. എട്ടാം പദ്ധതിയിൽ അത് പിന്നെയും കുറച്ചു. ഐ എം എഫിൻെറയും ലോകബാങ്കിൻെറയും ഉത്തരവ് ഈ കുറയൽ പ്രവണതക്ക് ആക്കംകൂട്ടി. കഴിഞ്ഞ രണ്ട് വർഷമായി വിദ്യാഭ്യാസത്തിന് വകയിരുത്തിയ തുകയുടെ യഥാർത്ഥ മൂല്യത്തിലുണ്ടായ 29 നതമാനം കുറവ് ഈ വസ്തുതയുടെ നേരെ വിരൽ ചൂണ്ടുന്നു.

# OF THOSE WHO MAKE IT AND THOSE WHO DON'T

| For Every 100 students enroling in primary school, the number who make it to: | Number | % eliminated at this stage |
|---|---|---|
| Upper primary | 56 | 44 % |
| Secondary | 27 | 52 % |
| Undergraduate | 13.5 | 50 % |
| Postgraduate | 2.3 | 83 % |
| Research | 3.6 | 92 % |

## THE DECLINING EXPENDITURE ON EDUCATION

| Plan | 1st | 2nd | 3rd | 4th | 5th | 6th | 7th |
|---|---|---|---|---|---|---|---|
| % Share | 7.86 | 5.83 | 6.87 | 5.04 | 3.27 | 2.59 | 3.5 |

Source : Parliament

## ILLITERACY

RATES OF LITERACY IN INDIA

| | Literacy Rate (%) | | | |
|---|---|---|---|---|
| | Male | Female | Total | No of illiterates (millions) |
| 1971 | 46.0 | 22.0 | 34.5 | 359 |
| 1981 | 56.4 | 29.8 | 43.6 | 385 |
| 1991 | 63.9 | 39.4 | 52.1 | 404 |

Source: Statistical Outline of India

### തേവര കോളേജിൽ സംഘടനയ്ക്ക് വിജയം

എറണാകുളം തേവര സേക്രഡ് ഹാർട്ട് കോളേജിൽ സ്റ്റാഫ് കൗൺസിലിലേയ്ക്ക ആദ്യമായി നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ എ കെ പി സി ടി എ സ്ഥാനാർത്ഥികൾ വിജയിച്ചു.

പ്രൊഫ.പി.ജെ.ജോസഫ്, പ്രൊഫ.കെ.സി.അബ്രഹാം എന്നിവരാണ് വിജയിച്ചത്.

# 'ഹിന്ദുത്വ'ത്തിന്റെ അപകട നിർവചനങ്ങൾ

ഇർഫാൻ ഹബീബ്

1992 ഡിസംബർ ആറിന് അയോധ്യയിൽ നടന്ന സംഭവം ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനുശേഷം രാജ്യത്തു നടന്ന അങ്ങേയറ്റം നിർണായക സംഭവമായി എത്രയും ശരിയായി വിശേഷിപ്പിക്കപ്പെടുന്നു. എന്നാൽ അത് മതനിരപേക്ഷ ജനാധിപത്യത്തിനു നേർക്കുള്ള കടന്നാക്രമണത്തിന്റെ ഒരു ഘട്ടത്തിന്റെ പാരമ്യം മാത്രമാണ്.

കഴിഞ്ഞ അഞ്ചുകൊല്ലക്കാലമായി ഇന്ത്യയിൽ നവനാസിസം ഭീതിദവും ഭീഷണവുമായ തോതിൽ വളർന്നിരിക്കയാണ്. ഔപചാരികമായ ദുഃഖപ്രകടനവും കടലാസിൽ മാത്രമുള്ള നിരോധനവും ബഹിഷ്ക്കരണവുമൊക്കെയുണ്ടെന്നിരിക്കിലും അത് നിർബാധം വളരുകയാണുതാനും. ബി ജെ പി സംഘപരിവാർ ബുദ്ധിശാലിയിലുദിച്ച "ഹിന്ദുത്വ" മുന്നേറ്റം പരിഷ്കാരത്തേയോ ദേശീയ വികാസത്തേയോ സംബന്ധിച്ച ഏതെങ്കിലും ക്രിയാത്മക പരിപാടിയിൽ നിന്ന് പൊട്ടിമുളച്ചതല്ല. നേരെമറിച്ച് തികച്ചും നിഷേധാത്മകമാണിതിന്റെ ഉള്ളടക്കം.

അതിന്റെ കേന്ദ്രബിന്ദുവാകട്ടെ സ്വാതന്ത്ര്യാനന്തര ഇന്ത്യൻ (കപട മതേതര) ഭരണകൂടം മുസ്ലീമിങ്ങളെ പ്രീണിപ്പിക്കുന്നുവെന്നും ഈ പ്രീണനം ഹിന്ദുക്കളുടെ ചെലവിൽ പ്രകോപനപരമായ ന്യൂനപക്ഷവാദത്തെ സൃഷ്ടിക്കുന്നുവെന്നുമുള്ള കുറ്റാരോപണമാണുതാനും. കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ പത്രലോകത്തെയും രാഷ്ട്രീയക്കാർക്കിടയിലെയും പല ബുദ്ധിമാൻമാരും ഈ അടിസ്ഥാനോപപാദ്യം സ്വീകരിക്കാനുള്ള പ്രവണത പ്രകടിപ്പിക്കാനും ഈ ലക്ഷ്യം മുൻനിർത്തി ഭരണകക്ഷി ഒരു സമാന്തരമാർഗ്ഗം പിന്തുടരണമെന്നും ശുപാർശ ചെയ്യാനും തുടങ്ങി.

ഈ "ഹിന്ദുത്വ" നീക്കം മുസ്ലീമിങ്ങൾക്ക് എതിരായി മാത്രമുള്ള ഒന്നല്ല; ഹൈന്ദവ പാരമ്പര്യത്തിലടങ്ങിയ നൈതികതത്വങ്ങളോടും രാമായണത്തിലൂടെ സന്നിവേശിപ്പിക്കപ്പെടുന്ന പ്രതിഷ്ഠാപിത തത്വങ്ങളോടുതന്നെയുള്ള വെല്ലുവിളിയും എതിർപ്പുമാണിതിലടങ്ങിയിട്ടുള്ളത്. ഈ പ്രചാരണത്തിന്റെ മുഖ്യോദ്ദേശ്യം ഇന്ത്യൻ ജനാധിപത്യത്തെ വികലമാക്കുകയും പൊളിച്ചുമാറ്റുകയും ചെയ്യുക, തൽസ്ഥാനത്ത് മധ്യകാലയുഗത്തിലെ മതാധിഷ്ഠിത രാഷ്ട്രം പ്രതിഷ്ഠിക്കുക എന്നതാണുതാനും. ഐശ്വര്യപൂർണ്ണമായ ഒരാധുനിക ഇന്ത്യ കെട്ടിപ്പടുക്കാനുള്ള എല്ലാ അഭിലാഷങ്ങളുടെയും നേർക്കാണത് ആഞ്ഞടിക്കുന്നത്.

അതിനാൽ മുസ്ലീം സാന്നിധ്യത്തെയും മുസ്ലീം പ്രീണനത്തേയും സംബന്ധിച്ച് സംഘപരിവാരവും അവരുടെ അനുഭാവികളും മുമ്പോട്ടുവെക്കുന്ന വാദഗതികളെ അങ്ങേയറ്റം സൂക്ഷ്മതയോടെ പരിശോധിക്കേണ്ടത് നമുക്കേവർക്കും താൽപര്യമുള്ള വിഷയമായിത്തീർന്നിരിക്കുന്നു.

ബി ജെ പി മുമ്പോട്ടുവെച്ച മുഖ്യ അവകാശവാദം മുസ്ലീമിങ്ങൾ ഇന്ത്യൻ രാഷ്ട്രത്തിന്റെ ഭാഗമല്ല. സംസ്കാരത്തിലും ചിന്തയിലും അവർ വിദേശികളാണ് എന്നാണ്. ചരിത്രത്തിന് യാതൊരു സ്ഥാനവും കൽപിക്കാത്തതാണ് ഈ വാദം. ഉപഭൂഖണ്ഡത്തിൽ മധ്യകാലദശയിൽ മുസ്ലീ

കുടിയേറ്റമൊന്നും നടന്നിട്ടില്ല. അതിനാൽ മുസ്ലീമിങ്ങൾ ഇന്ത്യൻരീതി സ്വീകരിച്ചില്ലെന്ന് പറയുന്നത് തനി അസംബന്ധമാണ്. മുസ്ലീമങ്ങളുടെ കാര്യം പോകട്ടെ, എല്ലാ ഹിന്ദുക്കളും ഒരേ ആചാരമല്ല പിന്തുടരുന്നത്; അവരെല്ലാവരും ജഡം ദഹിപ്പിക്കാറില്ല. ആരാധന നടത്തുന്നതും ഒരേരീതിയിലല്ല; ഒരേമൂർത്തിയേയുമല്ല. സംസാരിക്കുന്നത് ഒരേ ഭാഷയല്ല. എല്ലാവരും ഒരേ ജാതിയിൽപ്പെട്ടവരുമല്ല. മുസ്ലീമിങ്ങളും പുറമെ നിന്ന് കാണുന്നതുപോലെ ഏകജാതീയ സമൂഹമല്ല. അതിനും പുറമെ ഈ സങ്കീർണതയോടും നാനാത്വത്തോടുമൊപ്പം നമ്മുടെ രാജ്യത്ത് ഇവയുടെയെല്ലാം ഘടകങ്ങൾ ഉൾക്കൊണ്ട ഒരു സംസ്കാരം വളർന്നുവന്നു. പഴയ ദേശീയത്വ മനസ്സിന്റെ ആപചയമായി അതിനെ തള്ളിക്കളയാനാവില്ല. നമ്മുടെ ചരിത്രത്തിൽ കബീറിനെയും അക്ബറെയും ഏതെങ്കിലും തരത്തിലുള്ള ഇന്ത്യൻ മാതൃകയുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ച് പാകിസ്ഥാൻ സ്ഥാപനത്തിനാസ്പദമായ ദ്വിരാഷ്ട്ര സിദ്ധാന്തത്തിലെത്താനാവില്ല. അതിനാൽ മുസ്ലീമങ്ങൾ 'ഇന്ത്യവൽക്കരിക്കു്കയോ മുഖ്യധാരയിൽ' ഇഴുകിച്ചേരുകയോ ചെയ്തില്ലെന്ന വാദം അനന്തമായി ആവർത്തിക്കുന്നതിനോ മുറുകെപ്പിടിക്കുന്നതിനോ യാതൊരു ന്യായവുമില്ല.

നേരെമറിച്ച് ഹിന്ദുവോ മുസ്ലീംമോ ആരായാലും അവരുടെ ഉറവിടം എന്തുതന്നെയായാലും എല്ലാവരും ഇന്ത്യയുടെ ക്രിയാത്മകമായ പൈതൃകത്തിന് തികച്ചും ദാഗഭാക്കാണെന്നു പറയാൻ ന്യായമുണ്ടുതാനും.

ഇന്ത്യൻ ഭരണകൂടത്തിന്റെ 'ന്യൂനപക്ഷ' പ്രീണനത്തെ സംബന്ധിച്ചിടത്തോളം അതിനൊരുദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് മുസ്ലീം വ്യക്തിനിയമത്തിൽ ഇടപെടാൻ പാർലമെണ്ട് കൂട്ടാക്കാതിരിക്കുകയും ഷാബാനുകേസ് സംബന്ധിച്ച സുപ്രീംകോടതി വിധിക്കെതിരായ ഭേദഗതി വരുത്തിയതുമാണ്. വ്യക്തമായും പിന്തുടർച്ചാവകാശത്തിൽ തുല്യത പാലിക്കുകയും ദ്വിഭാര്യാത്വം നിരോധിക്കുകയും ചെയ്യുകവഴി സ്ത്രീകളുടെ അവകാശം പൂർണമായും സ്ഥാപിക്കപ്പെടേണ്ടത് ഇന്ത്യയിലെ ജനാധിപത്യ പ്രസ്ഥായത്തിന് ഒഴിവാക്കാനാവാത്ത കടമയാണ്. മുസ്ലീമങ്ങൾക്കിടയിലെ പരിഷ്കരണവാദികളുടെ എതിർപ്പിനെ അവഗണിച്ച് സുപ്രീംകോടതിവിധി മാററിമറിച്ചത് പ്രത്യക്ഷത്തിൽത്തന്നെതെററാണ്.

എന്നിരിക്കിലും മുസ്ലീം സ്ത്രീകളിടെ അവകാശങ്ങൾ പരിമിതപ്പെടുത്തുന്ന ഒരു നിയമത്തെ കുററവിമുക്തമുക്കിയ നടപടി എങ്ങനെ മുസ്ലീം പ്രീണനമാകും. അഥവാ അതെങ്ങനെ ഹിന്ദുക്കളുടെ താൽപര്യത്തെ വ്രണപ്പെടുത്തലാവും? മനസ്സിലാക്കാൻ വിഷമമുള്ള ഒരു കാര്യമാണത്. ഇതേ രീതിയിൽ സ്ത്രീധന സമ്പ്രദായത്തെ പൊറുപ്പിക്കുന്നത് ഹിന്ദുക്കളെ പ്രീണിപ്പിക്കലാണെന്ന് വാദിക്കാവുന്നതാണ്.

ഭരണഘടനയുടെ 44-ാം വകുപ്പ് അനുശാസിച്ചിട്ടും മുസ്ലീം വ്യക്തി നിയമത്തിൽ ഇടപെടാൻ കൂട്ടാക്കുതിരുന്നതിലൂടെ മുസ്ലീമിങ്ങൾ ഹിന്ദുക്കളെക്കാൾ ഉയർന്ന സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടുവെന്നതാണ് മറെറാരുവാദം. ഇന്ത്യയിലാകെ എല്ലാ പൗരന്മാർക്കും ഒരേകീകൃത സിവിൽനിയമം കൊണ്ടുവരണമെന്നാണ് ഭരണഘടനയുടെ 44-ാം വകുപ്പ് ആവശ്യപ്പെടുന്നത്. മുസ്ലീം നിയമം പരിഷ്കരിക്കാത്തത് തെററായിപ്പോയെന്ന് പറഞ്ഞ് അതിനെ എതിർക്കുന്ന ബി. ജെ. പി. ക്കാർ ഹിന്ദുക്കളും ഒരു ദേശീയ സിവിൽ നിയമത്തിന് വിധേയരാവേണ്ടവരാണെന്ന കാര്യം സൗകര്യപൂർവ്വം വിസ്മരിക്കുന്നു. അവർക്കുവേണ്ടിയും ഒരു പ്രത്യേക നിയമമാണ് കൊണ്ടുവന്നിട്ടുള്ളത്. അവിഭക്ത ഹിന്ദു കുടുംബത്തിന് നികുതി ഇളവും മററാനുകൂല്യങ്ങളും അതനുസരിച്ചു അനുവദിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഹിന്ദുക്കൾക്ക് മാത്രമായി പരിമിതിപ്പെടുത്തിയിട്ടുള്ള പ്രത്യേകാവകാശമാണിത്. അതിനും പുറമെ അവിഭക്ത ഹിന്ദുകുടുംബങ്ങളിൽ സ്ത്രീകൾക്ക് തുല്യവകാശം നിഷേധിക്കുകയും ചെയ്യുന്നു. ഇത് 44-ാം വകുപ്പിന് വിരുദ്ധമാണെന്നോ ഭൂരിപക്ഷ പ്രീണനമാണെന്നോ പറയാൻ ഹിന്ദുത്വ കേമ്പിൽ ആരും തന്നെ ഇതേവരെ മുമ്പോട്ടു വന്നിട്ടില്ല.

മുസ്ലീം 'പ്രീണന'ത്തിന് മറെറാരുദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്, ജമ്മു-കാശ്മീർ സംസ്ഥാനത്തിന് പ്രത്യേക പദവി

അനുവദിച്ചുകൊണ്ടുള്ള ഭരണഘടനയുടെ 370ാം വകുപ്പാണ്. അവിടെ മുസ്ലീങ്ങളാണ് ഭൂരിപക്ഷമെന്നത് കൊണ്ടാണിത് എന്നാണു വാദം എന്നാൽ 371, 371 എ, 372 ബി എന്നീ വകുപ്പുകളുമുണ്ട്. മഹാരാഷ്ട്ര, ഗുജറാത്ത്, നാഗാലാണ്ട്, ആസാം, മണിപ്പൂർ, ആന്ധ്രാപ്രദേശ് എന്നിവയ്ക്കൊക്കെ ബാധകമായതാണ് ആ വകുപ്പുകൾ. ഭരണഘടനയുടെ പൊതുവായ ചില വകുപ്പുകൾ ബാധകമാക്കുന്നതിൽ നിന്ന് അവയ്ക്ക് സംരക്ഷണം നൽകുന്നതാണവ. സംസ്ഥാനത്ത് താമസക്കാരനല്ലാത്ത ഒരിന്ത്യക്കാരന് ജമ്മു കാശ്മീരിൽ ഭൂമി വാങ്ങാൻ കഴിയില്ല. ഹിമാചൽ പ്രദേശിലും (ഈ അടുത്തയിടവരെ ബി ജെ പി ഭരണത്തിലിരുന്ന സംസ്ഥാനമാണത്) അങ്ങനെ സംസ്ഥാനത്ത് താമസക്കാരനല്ലാത്ത ഒരു ഇന്ത്യാക്കാരന് ഭൂമി വാങ്ങാൻ കഴിയില്ല. ഇപ്പറഞ്ഞ ഉദാഹരണങ്ങളൊന്നും ഭൂരിപക്ഷ പ്രീണനത്തിനുദാഹരണമായി ആരും നോക്കിക്കാണുകയോ ചൂണ്ടിക്കാണിക്കുകയോ ചെയ്യുന്നില്ല.

പ്രീണനത്തിനു മറ്റൊരുദാഹരണമായി ചൂണ്ടിക്കാണിക്കാറുള്ളത് അലിഗർ മുസ്ലീം യൂണിവേഴ്സിറ്റിയാണ്. എന്നാൽ ബനാറസ് ഹിന്ദു സർവ്വകലാശാലയും അതേ പദവിയിലുള്ളതാണ്. ഭരണഘടനയുടെ 29(2) വകുപ്പ് എ. എം. യു. നിയമവും ബി എച്ച് യു നിയമവും വിദ്യാർത്ഥികളുടെ പ്രവേശനത്തിലും നിയമനത്തിലും മതപരമായ വിവേചനം പാടില്ലെന്നു വ്യക്തമായി നിർദ്ദേശിക്കുന്നുണ്ട്. മററ് ചില വസ്തുതകൾ കൂടി പരിശോധിച്ചാൽ ന്യൂനപക്ഷ പ്രീണനമെന്ന ആരോപണത്തിന് യാതൊരു അടിസ്ഥാനവുമില്ലെന്ന് കാണാൻ കഴിയും. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സർക്കാർ ഉദ്യോഗങ്ങളിൽ നിയമിക്കപ്പെടുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനു ക്വാട്ടാ അനുവദിക്കപ്പെട്ടിട്ടുണ്ട്. നാലിലൊന്നിന് അൽപ്പം കുറഞ്ഞ തോതിലാണിത്. എന്നാൽ ബി ജെ പിയുടെ ന്യായപ്രകാരം നോക്കുമ്പോൾ ഇതു ഭൂരിപക്ഷ പ്രീണനമായി കാണേണ്ടി വരും. എന്തുകൊണ്ടെന്നാൽ ഈ ക്വാട്ടാ വ്യവസ്ഥകൊണ്ട് മുസ്ലീമിങ്ങളിൽ ഒരു വിഭാഗത്തിനും നേട്ടമില്ല. ദളിത് വിഭാഗത്തിൽപ്പെട്ട ഒരാൾ ഇസ്ലാം മതത്തിൽ ചേർന്നാൽ പട്ടികജാതി-പട്ടികവർഗ സംവരണത്തിനുള്ള അർഹത നഷ്ടപ്പെടും. എന്നാൽ ഇതുമതപരമായ വിവേചനമാണെന്ന് പറയാൻ വിഷമമുണ്ട്.

പൗരന്മാരുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുകയെന്നത് ലോകത്തെങ്ങും ഭരണകൂടത്തിന്റെ പ്രാഥമിക കടമയാണ്. എന്നാൽ ഔദ്യോഗിക സ്ഥിതി വിവര കണക്കുകൾ നിരന്തരം കാട്ടിത്തരുന്നത് വർഗീയ കലാപങ്ങളിൽ സ്വത്തുനാശവും ജീവനാശവും സംഭവിക്കുന്നത് കൂടുതലായും മുസ്ലീമിങ്ങൾക്കാണെന്നാണ്. ഇക്കാര്യമെടുത്താലും ന്യൂനപക്ഷ പ്രീണനമെന്ന വാദത്തിൽ കഴമ്പില്ലെന്ന് കാണാവുന്നതാണ്,

മുസ്ലീമിങ്ങൾ വിദ്യാഭ്യാസത്തിൽ പിന്നോക്കമാണെന്ന് ബി ജെ പി യും അവരുടെ അനുഭാവികളും സമ്മതുക്കുന്നു. പക്ഷെ അതിനു കാരണം സർക്കാർ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്തതാണെന്ന് സമ്മതിക്കാൻ അവർ തയ്യാറായില്ല. മറിച്ച് അതിനു കാരണം അവരുടെ മതവും സംസ്കാരവുമാണെന്നാണ് അവരുടെ വാദം. പിന്നോക്കാവസ്ഥയെ പ്രോൽസാഹിപ്പിക്കുന്നതാണത്രെ അവരുടെ മതവും സംസ്കാരവും. ഔദ്യോഗികാവശ്യങ്ങൾക്ക് ഉർദു ഉപയോഗപ്പെടുത്തിവരുന്ന മുസ്ലീമിങ്ങൾ നിരക്ഷരരിൽ നിന്നും മെച്ചപ്പെട്ടവരായി കണക്കാക്കപ്പെടുന്നില്ല. ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണ് വിദ്യാഭ്യാസപരമായ അവരുടെ പിന്നോക്കാവസ്ഥയ്ക്കു നിദാനമെന്ന യാഥാർത്ഥ്യവും കാണുന്നില്ല.

ഈ യാഥാർത്ഥ്യങ്ങളൊക്കെ അംഗീകരിച്ച് അവരുടെ അവശത പരിഹരിക്കാൻ സർക്കാർ നടപടി കൈകൊള്ളുകയാണ് വേണ്ടതെന്നാണിതൊക്കെ കാണിക്കാന്നത്. വൻതോതിൽ അവഗണിക്കപ്പെടുന്നതും ഇതു തന്നെ.

മുസ്ലീമിങ്ങൾ ബഹുഭാര്യാത്വം പുലർത്തുന്നവരാകയാൽ അവരുടെ ജനസംഖ്യ വർധിപ്പിക്കാൻ ബോധപൂർവ്വം ഗൂഢാലോചന നടത്തുന്നുവെന്നാണ് മറെറാരു ആരോപണം. സെൻസെസ് സർവ്വെ ഈ ആരോപണം നിരാകരിക്കുന്നു. മുസ്ലീമിങ്ങൾക്കിടയിലെ ബഹുഭാര്യത്വം ഹിന്ദുക്കൾക്കിടയിലേതിനേക്കാൾ നേരിയ തോതിലെങ്കിലും കുറവാണ് എന്നതാണതു കാണിക്കുന്നത്.

ന്യൂനപക്ഷ പ്രീണനം സംബന്ധിച്ച

വാദഗതികൾക്കൊന്നും യുക്തിയുക്തമായ പരിശോധനയെ അതിജീവിക്കാൻ കഴിയില്ല. ഏതെങ്കിലും തരത്തിൽപ്പെട്ട മുസ്ലീം വർഗീയതയെ ന്യായീകരിക്കാനും അത് ഉതകില്ല. മുസ്ലീം സമൂഹത്തിന്റെ വക്താക്കളായി സ്വയം ചമയുന്ന ചിലർ ഷാബാനുകേസിൽ സുപ്രീം കോടതി വിധിക്കുപരിയായി 'ദീനി'നെ അഥവാ വിശ്വാസത്തെ പൊക്കിപ്പിടിച്ചതുവഴി കോടതി നിർദ്ദേശങ്ങൾക്കുപരി തങ്ങളുടെ ധർമ്മത്തെ പ്രതിഷ്ഠിക്കാൻ 'ഹിന്ദുത്വ' നേതാക്കൾക്ക് സൗകര്യപ്രദമായ ഒരു കീഴ്വഴക്കം സൃഷ്ടിക്കുകയായിരുന്നു. മുസ്ലീംസ്ത്രീക്ക് തുല്യവകാശം നൽകിയാൽ മുസ്ലീങ്ങളായ ഇന്ത്യാക്കാർക്ക് അവരുടെ ഇസ്ലാമിക വ്യക്തിത്വം നഷ്ടപ്പെടുമെന്ന വാദത്തിന് യാതൊരടിസ്ഥാനവുമില്ല. യുക്തിയുടെയോ അഥവാ അനുഭവത്തിന്റെയോ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ഈ വാദത്തിന് നിലനിൽപ്പില്ലെന്ന് വ്യക്തം. മുസ്ലീം നിയമം തന്നെയും വ്യക്തി നിയമവും മററുതരത്തിലുള്ള നിയമങ്ങളും തമ്മിൽ വേർതിരിവ് കാട്ടുന്നില്ല. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ക്രിമിനൽ നിയമത്തിലാകെയും സിവിൽ നിയമത്തിൽ (വ്യക്തിനിയമം ഉൾപ്പെടെ) വലിയൊരളവിലും മാററം വരുത്തപ്പെട്ടപ്പോൾ മുസ്ലീമിങ്ങൾക്ക് അവരുടെ വ്യക്തിത്വം നിലനിർത്താൻ കഴിഞ്ഞുവെങ്കിൽ സ്ത്രീകൾക്കനുകൂലമായ ഒരു പരിഷ്കാര നിയമത്തെ മുസ്ലീമിങ്ങൾക്ക് പൊറുപ്പിക്കാനാവില്ലെന്ന വാദത്തിന് എന്തർത്ഥമാണുള്ളത്. അവസാനമായി പാകിസ്ഥാനിലും ബംഗ്ളാദേശിലുമുള്ള മുസ്ലീം പാർട്ടികളും ഗ്രൂപ്പുകളും ക്ഷേത്രങ്ങൾ നശിപ്പിച്ച നടപടി അപലപനീയമാണെന്ന് മാത്രമല്ല അതുവഴി അയോദ്ധ്യയിൽ പള്ളിപൊളിച്ചതിനെ എതിർക്കാൻ അവർക്കുള്ള അവകാശത്തെ ദുർബല മാക്കിത്തീർത്തിരിക്കയാണു താനും. അതിനാൽ ഒരുതരം വർഗീയതയെ മാത്രം എതിർക്കുന്നതിന്റെ പ്രശ്നമേയില്ല. എല്ലാരൂപത്തിലുമുള്ള വർഗീയതയും എതിർക്കപ്പെടണം.

ഇന്നിപ്പോൾ നമുക്കാവശ്യം 'അർത്ഥശൂന്യ'മായ ഒരു മതനിരപേക്ഷ സർക്കാരല്ല. ഒരു സാധാരണ പൗരനുള്ളതിൽ കവിഞ്ഞ ഒരവകാശവും ഈ 'സിദ്ധൻ'മാർക്കില്ല. ഭരണഘടനക്കുപരിയായി ഒരു മേന്മയും വിശ്വാസത്തിനില്ല. സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാൻ എല്ലാ ഇന്ത്യക്കാരെയും ആഹ്വാനം ചെയ്തപ്പോൾ (1931ലെ കറാച്ചി പ്രമേയം പ്രത്യേകം ശ്രദ്ധിക്കുക) ദേശീയ നേതൃത്വം ഒരു മത നിരപേക്ഷ ഇന്ത്യ വാഗ്ദാനം ചെയ്തു. നമ്മുടെ ഭരണഘടനയാകട്ടെ അത്തരമൊരു മതനിരപേക്ഷ രാഷ്ട്രത്തിന് രൂപം നൽകുകയും ചെയ്തു.

അമ്പലങ്ങളിലോ പള്ളികളിലോ പ്രാർത്ഥന നടത്തുന്നതിലൂടെ ആധുനിക നാഗരിക ഭരണകൂടത്തിൽ നിന്നുള്ള ദേശീയതയുടെ ഇപ്പോഴത്തെ മാരകമായ വ്യതിയാനത്തെ തടയാനാവില്ല. അതിന് വേണ്ടത് ദൃഢനിശ്ചയവും ഉറച്ച നടപടികളുമാണ്. □

(ചിന്ത, ജനു 15)

# ആർ.ആർ.സി.ഫണ്ട്

സുഹൃത്തേ,

ആർ. ആർ. സി. ഫണ്ടു പിരിവ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ബ്രാഞ്ചുകളുടെ സഹകരണം അടിയന്തിരമായി ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് താല്പര്യപ്പെടുന്നു. പല ബ്രാഞ്ചുകളിലും ഫണ്ടുപിരിവ് പ്രവർത്തനം നടന്നിട്ടുണ്ടെങ്കിലും ചില ബ്രാഞ്ചുകളിൽ കാലവിളംബം വന്നിട്ടുണ്ട്. ഫണ്ടുപിരിവ് അധികം നീട്ടി കൊണ്ടുപോകുവാൻ നമുക്ക് ആവില്ല. ആയതിനാൽ താങ്കളുടെ ബ്രാഞ്ചിൽനിന്നും നൽകുന്ന സംഭാവന ഫെബ്രുവരി 15-നകം ഡി. ഡി. ആയി കൺവീനറുടെ പേർക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

സസ്നേഹം,

കെ സദാശിവൻ നായർ,
കൺവീനർ,
അർച്ചന,
പഴയ സെമിനാരി റോഡ്,
ചുങ്കം, കോട്ടയം.

കോട്ടയം,
20-1-93.

# ചോദ്യോത്തര പംക്തി

പി. ഹരിദാസൻ, സെക്രട്ടറി, എ.കെ.പി.സി.ടി.എ.

ശിവപ്രസാദ്, ചാത്തന്നൂർ.

ചോദ്യം; 1992-'93 സാമ്പത്തിക വർഷത്തെ ആദായനികുതി കണക്കാക്കുന്നതിനാവശ്യമായ സ്റ്റേറ്റ്മെന്റിന്റെ ഒരു മാതൃക പ്രസിദ്ധീകരിക്കാമോ?

ഉത്തരം: സ്റ്റേറ്റ്മെന്റിന്റെ ഒരു പ്രൊഫോർമ ഇതോടൊപ്പം ചേർക്കുന്നു. ആദായനികുതി കണക്കാക്കുമ്പോൾ അവശ്യം അറിഞ്ഞിരിക്കേണ്ട വസ്തുതകളും നൽകിയിട്ടുണ്ട്.

## STATEMENT OF INCOME FOR THE YEAR 1992-1993.

Rs. Rs.

1. Name and Designation :
2. Probable income from salary : during '92-93 (3/92 to 2/93) (See Note 1)
3. (a) Exemption from HRA U/S 10 (13A) (See Note II). Rent paid Rs...
   (b) Exempted allowances if any :
4. Balance 2-3.
5. (i) Standard deduction : (See Note III)
   (ii) Profession tax. :
6. Balance 4-5
7. Taxable income (Rounded of to the nearest : multiple of Rupees Ten). :
8. Income tax due there on (See Note IV).

Rebate of Income Tax:

(i) Relief U/S 88.

- (a) P. F. :
- (b) LIC
- (c) PLI
- (d) ULIP
- (e) Refund of HBL
- (f) NSC
- (g) Interest on NSC VI series (Amount and year of deposit to be specified).
- (h) Any other (specify) GI/FBS

(ii) Relief U/S 89 (i)
(See Note V)

10. Balance tax payable 8-9 :
(Rounded to nearest Rupee)

11. Tax already paid. -

12. Tax due 10-11

Signature.

Note:

(I) Salary means Basic Pay, D.A, H.R.A., CCA, Bonus/FA, and arrears if any received.

(II) Exemption from HRA is allowed as least of
- (i) Actual HRA received.
- (ii) Rent paid in excess of 10% of salary
- (iii) 40% of salary.

(III) Standard deduction-33⅓% of item 4 or Rs. 12000 (in the case of Women Rs.15000 if their total income does not exeed Rs. 75000) which ever is less.

(IV) **Income tax Rate:**

| | | |
|---|---|---|
| Income upto Rs. 28,000 | - | NIL |
| Rs. 28,001 to Rs. 50,000 | - | 20% |
| Rs. 50,001 to Rs. 1,00,000 | - | Rs. 4400 + 30% of the amount by which the income exeeds Rs. 50000 |
| above Rs. 100000 | - | Rs. 19400 + 40% of the amount by which the income exeeds Rs. 100000 |

If the taxable income exeeds Rs. 100000, surcharge at the rate of 12% of the IT should be charged.

(V) Qualifying amount for Rebate will be Rs. 60000. Rebate will be Rs. 12000 or 20% of the investment made which ever is less.

---

സതീശ്ചന്ദ്രൻ, വർക്കല

ചോദ്യം: Will you please give a few examples illustrating the calculation of income Tax under various circumstances?

ഉത്തരം: The examples are given below:

Example I

| | | Rs. |
|---|---|---|
| 1. | Total Salary income (including all allowances) | 76000 |
| 2. | Deposit in NSS 1992 | 6000 |
| 3. | Contribution to PF | 12000 |
| 4. | Payment towards Life Insurance premium | 1000 |
| 5. | Contribution to Unit Linked Insurance Plan | 300 |
| 6. | Deposit under the 10 year CTD Scheme | 500 |
| 7. | Contribution to Group Insurance | 720 |
| 8. | Subscription to National Savings Certificate VIII issue | 3000 |
| 9. | Profession Tax paid. | 600 |

**Computation of Total income and Tax there to Assessment year 1993-94**

| | | | Rs. |
|---|---|---|---|
| 1. | Gross total Salary income | | 76,000 |
| 2. | Standard deduction | 12000 | |

| | | | |
|---|---|---|---|
| 3. | Profession Tax | 600 | 12600 |
| 4. | Taxable income | | 63400 |
| 5. | Income Tax | | 8420 |
| 6. | Deduct Rebate on Savings u/s 88 Rs $\frac{23520 \times 20}{100}$ = | | 4704 |
| 7. | Income Tax payable | | 3716 |

Example II

(Illustrating Calculation of HRA u/s 10 (13—A) in respect of residential accomodation)

| | | Rs. |
|---|---|---|
| 1. | Salary excluding HRA (Pay 53400, DA 26200) | 79600 |
| 2. | HRA | 2400 |
| 3. | Actual Rent paid | 12000 |
| 4. | Deposit in NSS 1992 | 12000 |
| 5. | Contribution to PF | 18000 |
| 6. | Life Insurance Premium | 3000 |
| 7. | Deposit in 15 year CTD | 1000 |
| 8. | Profession Tax paid | 400 |

**Computation of total income and Tax there to for the A.Y. 1993-94.**

Rs.

1. Salary (Pay Rs 53400+DA Rs 26200) 79600
2. HRA received 2400
3. Total Salary income 82000
4. Less HRA exempt u/s 10(13—A)
   (a) Actual HRA received Rs 2400 OR
   (b) Excess of rent paid over 10% of Salary ie 12000—5340 = Rs 6660 OR
   (c) 40% of Salary = Rs 21360
   Least of the above three items 2400
   79600
5. Standard deduction 12000
6. Profession tax 400 12400
7. Taxable income 67200
8. Income Tax 9560
9. Less tax rebate on savings u/s 88

NSS Maximum Rs. 10000+PF Rs. 18000+LIP Rs- 3000+CTD Rs. 1000= $\frac{32000 \times 20}{100}$ = 6400

10. Tax payable 3160

Example III

(Illustration showing the calculation of Income Tax in the case of employees re-paying House Building Loan.

| | | |
|---|---|---|
| 1 | Total Salary (Pay+DA+HRA+CCA) | 80000 |
| 2 | Subscription to units of Mutual Fund | 12000 |
| 3 | Contribution to PF | 12000 |
| 4 | Life Insurance Premium | 3000 |
| 5 | Repayment of House Building Loan | 12000 |
| 6 | Profession Tax | 600 |

**Calculation of Income Tax**

1 Salary 80000
2 Less Standard deduction 1200
3 „ Profession Tax 600 12600
4 Taxable income from Salary 67400
5 Income Tax 9620
6 Less Rebate u/s 88
   Mutual fund units u/s 10(23-D) limited to Rs. 10000
   Contribution to PF 12000
   Life Insurance Premium 3000
   Repayment of HB loan limited to 10000
   Tax rebate $\frac{35000 \times 20}{100}$ 7000
7 Tax Payable 2620

Example IV

(Illustration showing the calculation of a woman employee whose total income does not exeed Rs. 75000) Rs.

1 Salary income (Pay+DA+HRA +CCA+Festival Allowance) 74400
2 Employment Tax 400

# കോളേജുകളിൽ ആർ. ആർ. സി. അനുസ്മരണം

1992 ഡിസംബർ 4ന് എ. കെ. പി. സി. ടി എ യുടെ ആഭിമുഖ്യത്തിൽ എല്ലാ കോളേജിലും ആർ. ആർ. സി. അനുസ്മരണ സമ്മേളങ്ങൾ ന ടന്നു. പ്രൊഫ. ആർ. ആർ. സി.യുടെ ഒന്നാം ചരമ വാർഷികദിനമായിരുന്നു ഡിസംബർ 4.

## കേരളവർമ്മ കോളേജിൽ

തൃശൂർ കേരളവർമ്മ കോളേജ് എ കെ പി സിടിഎ ബ്രാഞ്ചു സംഘടിപ്പിച്ച അനുസ്മര ണ സമ്മേളനം സംഘടനയുടെ മുൻ പ്രസിഡ ൻറ് പ്രൊഫ. വി. നാരായണൻകുട്ടി ഉദ്ഘാ ടനം ചെയ്തു.

കേരളത്തിലെ കോളേജ് അധ്യാപകർ തങ്ങ ളുടെ തൊഴിൽ ജീവിതകാലത്ത് രണ്ടു ജന്മ ങ്ങൾ ജീവിച്ചുതീർക്കേണ്ടി വന്നിട്ടുണ്ടെന്നു പ്രൊഫ. നാരായണൻകുട്ടി പറഞ്ഞു. അത്യന്തം അവഹേളനപരമായ അന്നത്തെ അവസ്ഥയിൽ നിന്നും അധ്യാപകരെ ഉയർത്തുവാനും അന്ത സ്സാർന്ന തലത്തിലെത്തിക്കുവാനും പ്രൊഫ. ആർ ആർ. സി. വഹിച്ച പങ്ക് നിസ്തുലമാ യിരുന്നു. അധ്യാപകൻ, സംഘടനാപ്രവർത്ത കൻ, രാഷ്ട്രീയ പ്രവർത്തകൻ എന്നീ മൂന്നു നിലകളിലും ആർ. ആർ. സി.യുടെ ജീവിതം മ ഹനീയവും മാതൃകാപരവുമായിരുന്നു.

രാജ്യം പണയപ്പെട്ട സാഹചര്യത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ആഗോള കമ്പോളക്ര മം രാജ്യത്തെ അന്യാധീനപ്പെടുത്തിക്കഴിഞ്ഞുരി ക്കുന്നു ഇതോടൊപ്പം സാംസ്കാരിക രംഗത്തു വന്നിട്ടുള്ള കടന്നാക്രമണവും ശ്രദ്ധിക്കുക. ഇ തിനെല്ലാം എതിരായി പ്രതിരോധനിര സൃഷ് ടിക്കുന്നതിൽ നേതൃത്വപരമായ പങ്കു വഹിക്കാ ൻ അധ്യാപകർക്കും അവരെ നയിക്കുന്ന സംഘ ടനകൾക്കും കഴിയേണ്ടതാണെന്ന് പ്രൊഫ. നാ രായണൻകുട്ടി പറഞ്ഞു. സ്വന്തം തൊഴിലിന്റെ മേന്മ വർദ്ധിപ്പിക്കുന്നതിലും സാമൂഹ ഉ ത്തരവാദിത്വങ്ങൾ നിറവേററുന്നതിലും അധ്യാ കർ പ്രത്യേകം ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സമ്മേളനത്തിൽ വച്ച് പ്രൊഫ. ആർ. ആർ. സി.യുടെ കുടുംബസഹായനിധിയിലേയ്ക്ക് കേരളവർമ്മ കോളേജിലെ അധ്യാപകരുടെ സം ഭാവന എകെപിസിടിഎ ജില്ലാ സെക്രട്ടറി പ്രൊഫ. ഇ. എം. ആൻറണി ഏററു വാങ്ങി. ബ്രാഞ്ചു പ്രസിഡൻറ് പ്രൊഫ. പി. എസ്. നാരായണൻ അധ്യക്ഷത വഹിച്ചു. ഡോ. ഷൊർ ണ്ണൂർ കാർത്തികേയൻ, കാലിക്കട്ട് യൂണി; സിൻഡിക്കേററ് അംഗം പ്രൊഫ. കെ. ദാമോദ രൻ തുടങ്ങിയവരും സംസാരിച്ചു.

ബ്രാഞ്ചു സെക്രട്ടറി എം. മോഹൻദാസ് സ്വാഗതവും എം.വി. മധു നന്ദിയും പറഞ്ഞു.


---

3 Contribution to PF — 12000
4 Contribution to PLI — 2400
5 Grop Insurance Premium
6 Medical Insurance
Medical Insurance Premium (MEDICLAIM) — 6000


**Calculation of Income Tax** — **Rs.**

1 Salary income — 74400
2 Less standard deduction 15000
3 ,, Employment tax 400 — 15400
 — 59000
4 Gross Salary income
5 Less Mediclaim (Maximum admissible Rs. 6000) u/s 80-D — 6000
 — 53000
6 Taxable income — 5300
7 Income tax
8 Less Rebate on PF Rs 12000+ PLI Rs 2400+GI Rs 600=
$\frac{15000 \times 20}{100} = 3000$
9 Income Tax Payable — 230

# അജിത്കുമാറിനും മോഹനനും അനുമോദനം



കൊട്ടിയം എൻ. എസ്. എസ്. കോളേജ് ആധ്യാപകൻ ടി. എം. അജിത് കുമാറിന് ഇംഗ്ലീഷ് സാഹിത്യത്തിൽ കേരള സർവ്വകലാശാല ഡോക്ടറേററു നൽകി. എ കെ പി സി ടി എ യിലെ സജീവാംഗമായ അജിത്തിനെ കോളേജ് ബ്രാഞ്ച് യോഗംചേർന്ന് അനുമോദിച്ചു.



'കേരളത്തിൻെറ കാർഷിക പുരോഗതിയിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പങ്ക്'' എന്ന വിഷയത്തിൽ ഗവേഷണം നടത്തിയ എസ്. മോഹനന് കേരള യൂണിവേഴ്സിററിയിൽനിന്നും ഡോക്ടറേററ് ലഭിച്ചു. ധനുവച്ചപ്പുരം എൻ. എസ്. എസ്. കോളേജ് കോമേഴ്സ് അധ്യാപനാണ് മോഹനൻ. സംഘടനയുടെ സജീവാംഗമാണ്.

ധനുവച്ചപുരം എകെപിസിടിഎ ബ്രാഞ്ച് മോഹനനെ അനുമോദിച്ചു.


---

സുമുഖനായ ഒരു ചെറുപ്പക്കാരനായിരുന്നു പ്രസംഗകൻ.
വെളുത്ത മുഖം:
കറുത്തു തഴച്ച താടിരോമം;
വീതിയുള്ള നെററിയും വട്ടത്തിലുള്ള കണ്ണടയും...
—നമ്മുടെ തോമസ് ജോർജ്ജ് !

പ്രായം ചെന്ന അമ്മ അന്ന്
ആ യുവാവിനെ സ്വന്തം മകനെയെന്നപോലെ
മനസ്സിൽ സൂക്ഷിച്ചു.
'മോൻെറ' പ്രസംഗം ഇനിയെന്നുണ്ടാകുമെന്ന്
അമ്മ അന്വേഷിക്കുമായിരുന്നു.
ഇനി.. ആ പ്രസംഗം...പ്രസംഗകൻ...?
പത്രത്തിൻെറ ഒന്നാം പേജിലെ ചിത്രവും
ജനുവരി 22-ലെ ദുരന്തം പറയുന്ന വാർത്തയും
കണ്ടപ്പോഠം,
അമ്മയുടെ കണ്ണുകളിൽ 'മകൻ' വന്നു കലങ്ങി!

—കവടിയാർ രാമചന്ദ്രൻ

# എസ്. വി. വേണു ഗോപൻ നായർക്ക് ഡോക്ടറേറ്റ്



പ്രസിദ്ധ ചെറുകഥാകൃത്തും ധനുവച്ചപുരം എൻ. എസ്. എസ്. കോളേജധ്യാപകനുമായ പ്രൊഫ. എസ്. വി. വേണുഗോപൻ നായർക്ക് കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. 'ഹാസ്യം മലയാള നോവലിന്റെ ഘടനയിലും ശൈലിയിലും എന്നവിഷയത്തെപ്പറ്റി സി. വി. ചന്തുമേനോൻ ബഷീർ, ഒ. വി. വിജയൻ എന്നിവരുടെ കൃതികളെ ആധാരമാക്കി നടത്തിയ പഠനത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്.

എ കെ പി സി ടി എ ധനുവച്ചപുരം ബ്രാഞ്ച് പ്രൊഫ. വേണുഗോപനെ അനുമോദിച്ചു.

# ഫാസിസത്തിനെതിരെ ജാഗ്രത

ഇന്ത്യയിൽ ഫാസിസം പടിവാതുക്കൽ
എത്തിനിൽക്കുന്നു.
ഉണരുക, ചെറുക്കുക:
ജർമ്മനി നാസിസ്റ്റുകളുടെ കാൽ
ക്കീഴിലമർന്നപ്പോൾ ഒരു ബുദ്ധി
ജീവിയായ പാസ്റ്റർ നിമോയല്ലർ
പറഞ്ഞ ഈ വാക്കുകൾ ഓരോ
ഇന്ത്യാക്കാരന്റേയും മനസ്സിൽ
മുഴങ്ങട്ടെ!
"ഒന്നാമതായി അവർ ജൂതൻമാരുടെ
നേരേ ചെന്നു.
ഞാൻ ഒന്നും മിണ്ടിയില്ല.
കാരണം ഞാനൊരു ജൂതനല്ല.
പിന്നീടവർ കമ്യൂണിസ്റ്റുകാരുടെ
നേരേ ചെന്നു.
അപ്പോഴും ഞാനൊന്നും പറഞ്ഞില്ല.
കാരണം ഞാനൊരു
കമ്യൂണിസ്റ്റായിരുന്നില്ല.
പിന്നെ അവർ കത്തോലിക്കരുടെനേരെ
ചെന്നു.
അപ്പോഴും ഞാനൊന്നും പറഞ്ഞില്ല,
കാരണം ഞാനൊരു കത്തോലിക്കനല്ല.
പിന്നീടവർ എന്റെ നേർക്കുവന്നു.
അപ്പോൾ എനിക്കുവേണ്ടി
സംസാരിക്കാൻ മറ്റാരും
ശേഷിച്ചിരുന്നില്ല."

# പ്രൊഫ. കെ. പി. രാമചന്ദ്രൻ അന്തരിച്ചു

ഒറ്റപ്പാലം എൻ. എസ്. എസ്. കോളേജ് കോമേഴ്സ് അധ്യാപകൻ പ്രൊഫ. കെ. പി. രാമചന്ദ്രൻ (53) ഹൃദയസ്തംഭനംമൂലം ജനുവരി 30ന് അന്തരിച്ചു. ഷൊർണൂർ മുനിസിപ്പൽ കൗൺസിൽ അംഗം, ഒറ്റപ്പാലം താലൂക്ക് പ്രൈവറ്റ് കോളേജ് സ്റ്റാഫ് കോ-ഓപറേറ്റീവ് സൊസൈറ്റി ഡയറക്ട് ബോർഡംഗം എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു പ്രൊഫ. കെ. പി. ആർ. എ കെ പി സി ടി എ സംസ്ഥാന കൗൺസിൽ അംഗമായി പല പ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.
എ കെ പി സി ടി എ പ്രവർത്തകർ കെ. പി. ആറിന്റെ വീട്ടിലെത്തി അന്തിമോപചാരം അർപ്പിച്ചു. ജനുവരി 31ന് എറണാകുളത്തു ചേർന്ന സംഘടനയുടെ സംസ്ഥാന കൗൺസിൽ പ്രൊഫ. കെ. പി. രാമചന്ദ്രന്റെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

**Kerala private college teacher**
monthly journal of the all kerala private college teachers' association
No. 109 R. No. 350 5/81 Registered No .KLTV (N) 35



ഏകീകൃത സർവ്വകലാശാലാനിയമത്തിനെതിരേ സെക്രട്ടേറിയററു പടിക്കൽ ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിയ ഉപവാസ സത്യാഗ്രഹം.

*Printed and published by v. narayanankutty at chempaka printers trivandrum-4. phone: 442127 chief editor : k sukumaran nair*